Reg: No K. 81

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B A.

വ്യാപാരപ്രസിദ്ധീകരണം

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്ഓഫീസ് വഴി	പോസ്റ്റ്മാൻ വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്രതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വ്യാപാരപ്രസിദ്ധീകരണം

വ്യാപാരപ്രസിദ്ധീകരണം

വ്യാപാരപ്രസിദ്ധീകരണം

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 1-ാംനു ശനി

മേയ്ദിനം

ഇന്നു മേയ്ദിനമാണ്. അദ്ധ്വാനിക്കുന്ന ജനതയെ സംബന്ധിച്ചേടത്തോളം ആശയുടെയും, ആവേശത്തിന്റെയും ദിനം. ലോകതൊഴിലാളിവർഗ്ഗം എഴുപത്തൊൻപതാം മേയ്ദിനമാണിന്നാചരിക്കുന്നതു്. 79 വർഷങ്ങൾക്കു മുമ്പുനടന്ന ആത്മത്യാഗത്തിന്റെയും, രക്തസാക്ഷിത്വത്തിന്റെയും, ധീരമായ സമരത്തിന്റെയും ഓർമ്മകൾ അവകാശങ്ങൾക്കു വേണ്ടി അടരാടുന്ന തൊഴിലാളിവർഗ്ഗത്തിനു് ഇന്നും ഉണർവ്വേകിക്കൊണ്ടിരിക്കുന്നു. 1886 മേയ്മാസം ഒന്നാംതിയതി ചിക്കാഗോയിൽ ഒരു പണിമുടക്കു നടന്നു. പതിനായിരക്കണക്കിനു തൊഴിലാളികൾ അതിൽ പങ്കുകൊണ്ടു. 'എട്ടുമണിക്കൂർ വേല, എട്ടു മണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം' അതായിരുന്നു അവരുടെ മുദ്രാവാക്യം. മുരടിച്ച മുതലാളിത്വം അതിന്റെ നഗ്നതാണ്ഡവം നടത്തുന്ന കാലം. തൊഴിലാളി, മനുഷ്യനാണെന്നു പോലും അംഗീകരിക്കാൻ തയ്യാറാവാതിരുന്ന മുതലാളിത്വത്തെ ഇതു വിറളിപിടിപ്പിച്ചു. അന്നത്തെ ഭരണകൂടം മുതലാളിമാർക്കുവേണ്ടിയുള്ളതായിരുന്നു. നിറതോക്കുകൾ സമരരംഗത്തുള്ള ആയിരക്കണക്കിനു തൊഴിലാളികളുടെ വിരിമാറിനുനേരെ ഗർജ്ജിച്ചു. വെടിയേററുവീണ തൊഴിലാളികളുടെ ചുടുചോര. ചിക്കാഗോയിലെ തെരുവുകളിൽ അനേകനാൾ തളംകെട്ടിനിന്നു. തൊഴിലാളികൾ ഉയർത്തിപ്പിടിച്ചിരുന്ന വെള്ളപ്പതാക ചെഞ്ചോരയിൽ മുങ്ങിക്കുളിച്ചു—വെളുത്തകൊടി ചുവന്നതായി മാറി— യാതൊന്നിനുവേണ്ടി ചിക്കാഗോയിലെ തൊഴിലാളികൾ രക്തസാക്ഷിത്വം വഹിച്ചുവോ, അതു് ഇന്നു് ലോകതൊഴിലാളി വർഗ്ഗത്തിനു അംഗീകരിക്കപ്പെട്ട ഒരവകാശമായി മാറി. ആ തൊഴിലാളികൾ ദർശിച്ചിരുന്ന 'ചക്രവാളത്തിൽ'നിന്നും വളരെയധികം മുമ്പോട്ടുപോവാൻ സംഘടിത തൊഴിലാളികളുടെ നിരന്തരസമരത്തിനു കഴിഞ്ഞു.

തൊഴിലാളികളെ, ഇന്നത്തെ നിലയിലേക്ക് ഉയർത്താനും, അവരുടെ അവകാശങ്ങളെപ്പററി ബോധവാന്മാരാക്കാനും അനവരതം അദ്ധ്വാനിച്ച പല മഹാരഥന്മാരും നമ്മുടെ മുമ്പിലുണ്ടു്. അവരിൽ ചിലരെല്ലാം, അവരുടെ വാദഗതികൾക്കനുസൃതമായ തത്വസംഹിതകളും ലോകത്തിനു നൽകുകയുണ്ടായി. അവരിൽ മുൻനിരയിൽ നില്ക്കുന്ന ഒരാളാണു് കാറൽമാർക്സ്. തന്റെ ജീവിതകാലത്തു് തൊഴിലാളികളനുഭവിക്കുന്ന നരകയാതനയും, ശോചനീയമായ അവരുടെ ജീവിതസാഹചര്യങ്ങളും, മൃഗങ്ങളോടു് പെരുമാറുംപോലെയുള്ള മുതലാളിമാരുടെ പെരുമാററവുംകണ്ടു്, ധാർമ്മികരോഷംമൂത്ത കാറൽമാർക്സ്, മുതലാളിത്തത്തിന്റെ തെററുകളെ അതിനിശിതമായെതിർത്തു. സ്വന്തം സുഖസൗകര്യങ്ങളും, അധികാരങ്ങളും അനുരിലേയ്ക്കു പകരാൻ തയ്യാറില്ലാതിരുന്ന മുതലാളിമാർ, അവരുടെ തെററു തിരുത്തുന്നതിനു പകരം, തെററുകൾ ചൂണ്ടിക്കാട്ടിയ കാറൽമാർക്സിനെ എതിർക്കാനാണു തയ്യാറായതു്. മുതലാളിമാരുടെ താളത്തിനൊത്തു തുള്ളിയിരുന്ന ചില മതമേധാവികൾ തൊഴിലാളികൾക്കെതിരായി മുതലാളികളുടെ ഭാഗം ചേർന്നപ്പോൾ, അതു് മതമണ്ഡലത്തിലെ വഴിപിഴച്ച ഏതാനും വ്യക്തികൾ മാത്രമാണെന്നു മനസ്സിലാക്കാതെ, മതമണ്ഡലവും തൊഴിലാളികൾക്കെതിരാണെന്ന തെററായ നിഗമനത്തിലെത്തിയതാണു് കാറൽമാർക്സിനെ വഴിപിഴപ്പിച്ചതു് അവിടം മുതൽ കാറൽമാർക്സ്, മനുഷ്യന്റെ തുല്യപ്രാധാന്യമർഹിക്കുന്ന രണ്ടു് ആവശ്യങ്ങളിൽ—ആദ്ധ്യാത്മികവും ഭൗതികവും—ഒന്നിനുമാത്രം പ്രാധാന്യം കല്പിക്കയും, മററതിനെ എതിർക്കുകയും ചെയ്തുകൊണ്ടാണു്, തൊഴിലാളികൾ അധികാരം പിടിച്ചെടുത്തു എന്നവകാശപ്പെടുന്ന റഷ്യയിലും ചൈനയിലും മനുഷ്യർ അടിമകളെപ്പോലെ വിലക്കെടുക്കപ്പെടുന്നതു്. മേയ്ദിനമെന്നും, തൊഴിലാളിവർഗ്ഗമെന്നും പറയുമ്പോൾ, കാറൽമാർക്സും അദ്ദേഹത്തിന്റെ തത്വസംഹിതകളും ഒരു അവിഭാജ്യഘടകമെന്ന നിലയിൽ കൈകാര്യം ചെയ്യപ്പെടുന്നതു കൊണ്ടാണു് ഞങ്ങളിത്രയും പറഞ്ഞതു്. തൊഴിലാളിയുടെ ഉൽക്കർഷമെന്നു പറയുമ്പോൾ, അവന്റെ ഭൗതികമായ നേട്ടങ്ങളെ മാത്രം കണക്കിലെടുത്താൽ പോരെന്നാണു് ഞങ്ങൾക്കു പറയാനുള്ളതു്. അവന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങൾക്കു് തുല്യപ്രാധാന്യം കല്പിക്കേണ്ടതാണു്. സംഘടിത തൊഴിലാളി വർഗ്ഗം ഭൗതികമായ അവരുടെ അവകാശങ്ങൾക്കുവേണ്ടി മുന്നേറുമ്പോൾ, ആദ്ധ്യാത്മികചിന്തയിൽ നിന്നകന്നു പോകാതിരിക്കണമെന്നവസ്ഥ, ആദ്ധ്യാത്മിക മണ്ഡലം നിയന്ത്രിക്കുന്നവർ കണക്കിലെടുക്കേണ്ടതുണ്ടു്. ഈ പ്രശ്നങ്ങളെല്ലാം കത്തോലിക്കാ തിരുസ്സഭ ശരിയാംവണ്ണം കണക്കിലെടുത്തിട്ടുണ്ടെന്നുള്ളതിന്റെ പ്രത്യക്ഷോദാഹരണമാണു്, തൊഴിലാളികളുടെ മദ്ധ്യസ്ഥനായി സെന്റ്ജോസഫിനെ പ്രതിഷ്ഠിച്ചു് അദ്ദേഹത്തിന്റെ തിരുന്നാൾ മേയ്ദിനത്തിൽ ആഘോഷിക്കുന്നതു്. നസ്രത്തിലെ ഒരു കൊച്ചുകുടുംബത്തിൽ ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥനായിരുന്നു വി. ഔസേപ്പ്. അദ്ദേഹം ആ സ്ഥാപനത്തിലെത്തന്നെ തൊഴിലാളിയുമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പണിയെടുത്തിരുന്നവരോ, ദിവ്യജനനിയും, ദൈവപുത്രനും. ആദ്ധ്യാത്മികവും ഭൗതീകവുമായ മണ്ഡലങ്ങൾ ഒന്നിച്ചുചേരുന്ന ഒരു കൊച്ചു വ്യവസായശാലയുടെ അധിപനും, അതിലെത്തന്നെ ഒരു തൊഴിലാളിയുമായ സെന്റ് ജോസഫ്, വഴിപിഴച്ച ഇന്നത്തെ മുതലാളികൾക്കും കർത്തവ്യബോധം നശിച്ച തൊഴിലാളികൾക്കും അനുകരണീയനായ ഒരു മാതൃകാപുരുഷനാണു്. അദ്ദേഹത്തെ അനുകരിക്കാൻ രണ്ടു കൂട്ടരും തയ്യാറാകട്ടെ എന്നു ഞങ്ങളാഗ്രഹിക്കുന്നു.

ഇന്നു് പരസ്പരം മത്സരത്തിൽ കഴിയുന്ന തൊഴിലാളിയും മുതലാളിയും, ആ സമീപനം മാററി, സമുദായത്തിലെ രണ്ടു് അവിഭാജ്യഘടകങ്ങളാണു് അവരെന്നു് മനസ്സിലാക്കുകയും, ഭൗതികത്വത്തിനുമാത്രം പ്രാധാന്യം കല്പിക്കുന്ന തൊഴിലാളിനേതൃത്വം, ആദ്ധ്യാത്മിക വശങ്ങളെക്കൂടി കണക്കിലെടുക്കുകയും തൊഴിലാളിയുടെ ഭൗതീകമായ നേട്ടങ്ങൾക്കുവേണ്ടിയുള്ള പ്രയാണത്തിനുനേരേ നിഷ്ക്രിയരായി നോക്കിയിരിക്കുകയോ, കണ്ണടച്ചിരിക്കുകയോ ചെയ്യുന്ന ആദ്ധ്യാത്മികനേതൃത്വം ആ നിലപാടുമായി, നീതിക്കുവേണ്ടി ദാഹിക്കുന്ന തൊഴിലാളിക്കു് സഹായകമായ ഒരു നിലപാടു സ്വീകരിക്കുകയും ചെയ്യുന്നതിനു് ഇടയാകട്ടെയെന്നു ഞങ്ങൾ ഈ മേയ്ദിനത്തിൽ ആശിച്ചുപോകയാണു്.

റേഡിയോ

മേയ് 1 ശനി

തിരുവനന്തപുരം, കോഴിക്കോട്ടു്, തൃശ്ശൂർ,

454.5, 441.2, 517.2 മീററർ

കാലത്തു്
6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പററിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഉദയഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനപാഠം
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വായ്പാട്ടു്
8-45 സമാപനം
ഉച്ചതിരിഞ്ഞു്
12-30 പ്രാദേശികവാർത്തകൾ
12-35 ഗീതാവലി
1-05 വൃന്ദവാദ്യം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ചലച്ചിത്രഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ
രാത്രി
5-30 ശിശുലോകം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാളപ്രഭാഷണം
7-10 നാടകഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 നാടകാവിഷ്ക്കരണം- വെളിച്ചത്തിന്റെ മരണം
8-15 നാടോടിപ്പാട്ടുകൾ
8-30 റേഡിയോ ന്യൂസ്റീൽ
8-45 ഗാനമഞ്ജരി
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ജാഗ്രത
9-30 ഡൽഹിയിലേ
11-00 വാർത്തകൾ ഇംഗ്ലീഷിൽ
11-05 സമാപനം

ജോൺ മിൽട്ടൺ

[4-ാം പേജിൽ നിന്നു് തുടർച്ച]

ആശയ. ഈ ആശയം നടപ്പിലാക്കുവാനായി തന്റെ അധീനതയിലുള്ള പാപത്തെയും മരണത്തെയുമാണു് സാത്താൻ മുഖ്യമായി ആശ്രയിക്കുന്നതു്. ഗ്രീക്ക്സങ്കല്പകഥകളെ സ്പർശിച്ചു് മിൽട്ടൺ നെയ്തെടുത്തിരിക്കുന്ന ഈ കാവ്യകല്പനയിൽ പറയുന്നതു് പാപമെന്നതു് സാത്താന്റെ പുത്രിയും മരണമെന്നതു് സാത്താന്റെ പുത്രനുമാകുന്നു

വാർത്താവിനിമയത്തിനു് ഉപഗ്രഹങ്ങൾ

വാണിജ്യാടിസ്ഥാനത്തിലുള്ള വാർത്താവിനിമയോപഗ്രഹമായ 'ഏർലിബേർഡി'ന്റെ, ഏപ്രിൽ 6-ാം തീയതിയിലെ വിക്ഷേപണം താഴെപ്പറയുന്നതരത്തിലുള്ള ചോദ്യങ്ങൾക്കു് വഴിതെളിക്കുന്നു: വാർത്താവിനിമയത്തിനു് ഉപഗ്രഹങ്ങൾ ഉപയോഗിക്കുന്നതു് എന്തുകൊണ്ടു്? അവയ്ക്കു് റേഡിയോ, കേബിൾ, കമ്പി എന്നിവയുടെ ശൃംഖലകളെ അപേക്ഷിച്ചുള്ള മെച്ചങ്ങൾ എന്തു്?

ഏർലി ബേർഡ് പോലുള്ള ഒരു ഉപഗ്രഹം ഒരു ആവർത്തനോപകരണമായി വർത്തിക്കുന്നു. അതായതു് അതിലേക്കു് അയയ്ക്കുന്ന സിഗ്നലുകൾ അതു് സ്വീകരിക്കുകയും പരിവർദ്ധിപ്പിക്കുകയും പുനർ പ്രക്ഷേപണം ചെയ്യുകയും ചെയ്യുന്നു. ഉപഗ്രഹത്തിനു് ഭൂമിയിലെ പല ബിന്ദുക്കളുമായി ഒരേ സമയം സമ്പർക്കത്തിൽ ഏർപ്പെടാൻ കഴിയും. അങ്ങനെ ഈ ബിന്ദുക്കളിലുള്ള കേന്ദ്രങ്ങൾക്കു് പരസ്പരം വാർത്താവിനിമയം നടത്തുന്നതിനു് സാദ്ധ്യമായിത്തീരുന്നു. വേണ്ടത്ര ഉപഗ്രഹങ്ങൾ ഉണ്ടെങ്കിൽ [വാർത്താവിനിമയ പദ്ധതിയുടെ രീതിയനുസരിച്ചു് 3 മുതൽ 24 വരെ ഉപഗ്രഹങ്ങൾ) ലോകത്തെ മുഴുവനും വാർത്താവിനിമയ ശൃംഖലയിൽ പെടുത്താൻ കഴിയും.

ഏതെങ്കിലും ഒരു രാജ്യത്തിലെ ഒരു പ്രക്ഷേപണകേന്ദ്രത്തിനു് ആ രാജ്യത്തെ, ഒരു ആഗോള ഉപഗ്രഹപദ്ധതി വഴി ലോകത്തിന്റെ ഇതരഭാഗങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയും. മാമൂൽ സമ്പ്രദായത്തിലുള്ള ദീർഘദൂര വാർത്താവിനിമയത്തെ കാന്തവിക്ഷോഭങ്ങൾ പലപ്പോഴും തടസ്സപ്പെടുത്താറുണ്ടു്. അത്തരം റേഡിയോ പ്രക്ഷേപണങ്ങൾ സ്വീകരിക്കപ്പെടുകയാണെങ്കിൽത്തന്നെയും സാധാരണയായി അവയുടെ ഗുണം കുറഞ്ഞിരിക്കും.

കേബിൾവഴി ലഭിക്കുന്ന സിഗ്നലുകൾ വളരെ മെച്ചമായിരിക്കും. പക്ഷേ കേബിളുകൾ വ്യയകരവും വ്യാമിശ്രവുമാണു്. വിവിധ രാജ്യങ്ങളിലെ വാർത്താവിനിമയകേന്ദ്രങ്ങളെ തമ്മിൽ കേബിൾ കൊണ്ടു് ബന്ധിപ്പിച്ചിരിക്കുകയും ചെയ്യുന്നു. ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള പ്രക്ഷേപണങ്ങളുടെ ഗുണം മിക്കവാറും കേബിൾ വഴിയുള്ള പ്രക്ഷേപണത്തിന്റെ ഗുണത്തിനു് തുല്യമായിരിക്കും. പക്ഷേ ഇപ്പോൾ സമുദ്രങ്ങൾ കുറുകെയുള്ള കേബിളുകളിൽനിന്നു് വ്യത്യസ്തമായി ഉപഗ്രഹങ്ങൾക്കു് ടെലിഫോൺ-ടെലിഗ്രാഫ് പ്രക്ഷേപണങ്ങൾക്കു പുറമെ ടെലിവിഷൻ പ്രക്ഷേപണവും കൈകാര്യം ചെയ്യാൻ കഴിയും.

ഏർലി ബേർഡ് പദ്ധതി ഏററവും ലളിതവും ഏററവും ചെലവുകുറഞ്ഞതും ആണെന്നു പറയാം. ഈ ഏകകാലിക പദ്ധതിയിൽ ഉപഗ്രഹങ്ങളെ ഭൂമദ്ധ്യരേഖയ്ക്കുമീതെ 35,700 കിലോമീറ്റർ ഉയരത്തിൽ നിർത്തുന്നു. ഈ ഉയരത്തിൽ ഉപഗ്രഹത്തിന്റെ ഭ്രമണപഥവേഗതയും ഭൂമി തിരിയുന്നതിന്റെ വേഗതയും ഏകകാലികമായിരിക്കും. മററൊരു വിധത്തിൽ പറഞ്ഞാൽ ഭൂമിയിൽ [അഥവാ ഒരു പ്രക്ഷേപണകേന്ദ്രത്തിൽ] നിൽക്കുന്ന ഒരു നിരീക്ഷകനു് ഉപഗ്രഹം ആകാശത്തിൽ ഒരു നിശ്ചിതസ്ഥാനത്തു് എപ്പോഴും നിൽക്കുന്നതായി തോന്നിക്കും.

ഇത്തരത്തിലുള്ള ഒററയൊരു ഉപഗ്രഹം ഭൂമിയുടെ ഉപരിതലത്തിന്റെ ഏകദേശം 43 ശതമാനം ഭാഗത്തിലുള്ള നിരീക്ഷകർക്കു് ഉപയുക്തമായിത്തീരും. ഇത്തരം മൂന്നു് ഉപഗ്രഹങ്ങൾ ഉത്തരദക്ഷിണ ധ്രുവങ്ങളിൽ താരതമ്യേന തുച്ഛമായ പ്രദേശങ്ങൾ ഒഴിച്ചു് ഭൂമിയൊട്ടുക്കു് വാർത്താവിനിമയ സൗകര്യങ്ങൾ പ്രദാനം ചെയ്യും.

ഏകകാലിക ഉപഗ്രഹങ്ങൾക്കു് നിശ്ചിത സ്ഥാനത്തുനിന്നു് നീങ്ങിമാറാനുള്ള ഒരു പ്രവണതയുണ്ടു്. അവയെ യഥാസ്ഥാനത്താക്കുന്നതിനു് ചെറിയ പ്രൊപ്പൽഷൻ എഞ്ചിനുകൾ ആവശ്യമാണു്. ഈ എഞ്ചിനുകളുടെ പ്രയോഗം വിജയകരമാണെന്നു് അമേരിക്കയുടെ സിങ്കോം 2, സിങ്കോം 3 എന്നീ ഉപഗ്രഹങ്ങൾ തെളിയിച്ചു. സിങ്കോം 3, ടോക്യോ ഒളിമ്പിക് കളിയുടെ നേരിട്ടുള്ള ടെലിവിഷൻ പ്രക്ഷേപണം അമേരിക്കയിലും കാനഡായിലും എത്തിച്ചു.

ഏർലി ബേർഡ് പദ്ധതിയിലെ ഉപഗ്രഹങ്ങളുടെ എണ്ണം കുറവാകയാലും തൽഫലമായി ഭൂതലത്തിലെ ആന്റനാകളുടെ ഗതിനിരീക്ഷണകൃത്യങ്ങൾ സുകരമായിത്തീരുന്നതിനാലും പ്രസ്തുത പദ്ധതിയായിരിക്കും അംഗീകരിക്കപ്പെടുന്നതു്. പക്ഷേ മർമ്മപ്രധാനമായ ഒരു പ്രശ്നം ഉണ്ടു്—കാലതാമസത്തിന്റെ പ്രശ്നമാണതു്.

ഒരു പ്രക്ഷേപണം പൂർത്തിയാക്കുന്നതിനു് ആവശ്യമായ സമയത്തിനാണു് കാലതാമസം എന്നു പറയുന്നതു്. രണ്ടുഭാഗങ്ങൾ മുഖാഭിമുഖമായും, ഒരായിരം കിലോമീററർ ദൈർഘ്യമുള്ള കേബിളിന്റെ അറ്റങ്ങളിലും നിന്നു സംസാരിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെടാതിരിക്കത്തക്കവണ്ണം അത്രയ്ക്കു് തുച്ഛമാണു്. വളരെ ഉയരത്തിലുള്ള ഏർലി ബേർഡ് ഉപഗ്രഹത്തിലേക്കുള്ള പ്രക്ഷേപണങ്ങൾ വളരെ വലുതാകയാൽ പ്രകാശവേഗതയിൽ—സെക്കൻഡിൽ 3,00,000 കിലോമീററർവേഗതയിൽ—സഞ്ചരിക്കുന്നശബ്ദസിഗ്നലിനു് സംസാരിക്കുന്നയാളിൽനിന്നു് ശ്രോതാവിന്റെ അടുക്കൽ എത്തുന്നതിനും അതിനു് മറുപടി ലഭിക്കുന്നതിനും അസുഖകരമാംവിധം നീണ്ട സമയം വേണ്ടിവരും. ഉദാഹരണത്തിനു് ഒരു ചോദ്യം ചോദിച്ചാൽ, കുറഞ്ഞപക്ഷം പത്തിൽ ആറുഭാഗം സെക്കൻറ് കഴിഞ്ഞേ ഒരു മറുപടി ലഭിക്കുകയുള്ളൂ.

ഈ താമസവും ഇതുപോലുള്ള മററു ഫലങ്ങളും ടെലിഫോൺ ഉപയോഗിക്കുന്ന ഒരു സാധാരണ മനുഷ്യനു് ഉപദ്രവകാരമായിരിക്കുമോ എന്നതു് ഇനിയും നിർണ്ണയിക്കേണ്ട കാര്യമാണു്. ഏകകാലികോപഗ്രഹങ്ങൾ അന്തിമമായി എന്തു് പങ്കുവഹിക്കുമെന്നു തീരുമാനിക്കുന്നതിൽ, ഈ പ്രശ്നത്തിനുള്ള ഉത്തരം സുപ്രധാനമായ ഒരു ഘടകമായിരിക്കും.

ഇടത്തരം ഉയരത്തിൽ (ഏകദേശം 11,000 കിലോമീററർ) സ്ഥിതിചെയ്യുന്ന ഉപഗ്രഹങ്ങൾചേർന്ന പദ്ധതികളുടെ ഒരു ദോഷം, ലോകം മുഴുവനിലും വ്യാപിക്കുന്ന ഒരു ശൃംഖലയ്ക്കു് കൂടുതൽ ഉപഗ്രഹങ്ങൾ (12 മുതൽ 24 വരെ) വേണ്ടിവരുമെന്നുള്ളതാണു്. പ്രധാനപ്പെട്ട ഒരു ഗുണം, കാലതാമസം ചെറുതായിരിക്കുമെന്നുള്ളതത്രെ. ടെലിഫോൺ ഉപയോഗിക്കുന്നയാളിനു് ഈ താമസം അനുഭവപ്പെടുന്നതായി തോന്നുകയില്ലായിരിക്കും. ഏർലി ബേർഡ് ഉപഗ്രഹം വാണിജ്യാടിസ്ഥാനത്തിലുള്ള സേവനം ആരംഭിക്കുമ്പോൾ ഈ കാലതാമസഘടകം നിർണ്ണയകമായ പരിശോധനയ്ക്കു് വിധേയമാകും.

ആദ്യത്തെ ആഗോളവാർത്താവിനിമയ ശൃംഖലയിൽ ഉപയോഗിക്കുന്ന പദ്ധതിയോ പദ്ധതികളോ എന്തുതന്നെയായാലും ലോകവ്യാപകവാർത്താവിനിമയത്തിന്റെ ഭാവി ഭാസുരമാണെന്നു തോന്നുന്നു.

ഒൻപതു വർഷംമുമ്പു് 1956-ൽ മാത്രമാണു് അററ്ലാൻറിക് സമുദ്രത്തിനു കുറുകെ, ഉയർന്ന മൂലാനുരൂപ്യമുള്ള വാർത്താവിനിമയം ഏർപ്പെടുത്തപ്പെട്ടതു്. ഉയർന്ന ഗുണമുള്ള ശബ്ദസിഗ്നലുകളെ വഹിക്കാൻ കഴിവുള്ള കേബിൾ ഇട്ടതു് ആ വർഷത്തിലായിരുന്നു. അമേരിക്കൻ ടെലിഫോൺ ആൻഡ് ടെലിഗ്രാഫ് കമ്പനി ഈ വർഷം ഒടുവിൽ 128 ചാനലോടുകൂടിയ ഒരു പുതിയ കേബിൾ ഇടുന്നതോടുകൂടി അറ്റ്ലാന്റിക്കിനു് കുറുകെ സന്ദേശമയക്കാവുന്ന ചാനലുകളുടെ എണ്ണം 400-ൽ അധികം ആകുന്നതാണു്. ഏർലി ബേർഡ് ഇതോടുകൂടി വേറൊരു 240 ഇരുവഴി ചാനലുകൾകൂടിചേർക്കും. കൂടുതൽ പുരോഗതമായ ഉപഗ്രഹങ്ങൾക്കു് ഇതിനേക്കാൾ വളരെ കൂടിയ കഴിവുണ്ടായിരിക്കും.

ചാനലുകളുടെ എണ്ണം വർദ്ധിക്കുകയും, പ്രക്ഷേപണത്തിന്റെ ഗുണം മെച്ചപ്പെടുകയും സമുദ്രങ്ങൾ കുറുകെയും ടെലിഫോൺ സംഭാഷണങ്ങൾ നടത്തുന്നതു് എളുപ്പമായിത്തീരുകയും ചെയ്യുന്നതോടുകൂടി വിവിധ രാഷ്ട്രങ്ങളിലെ ആളുകൾതമ്മിലുള്ള വാർത്താവിനിമയം വളരെ അഭിവൃദ്ധിപ്പെടുമെന്നാണു് ചരിത്രം സൂചിപ്പിക്കുന്നതു്.

കൂടാതെ, ടെലിവിഷൻ പരിപാടികൾ റിലേ ചെയ്യുന്നതിനുള്ള കഴിവു്, വാർത്താവിനിമയം സംബന്ധിച്ചിടത്തോളം ഉപഗ്രഹപദ്ധതിക്കു് സമുദ്രത്തിനടിയിലൂടെയുള്ള കേബിളുകൾക്കു് ഇല്ലാത്തതായ ഒരു പുതിയ മണ്ഡലംകൂടി തുറന്നു കൊടുത്തിരിക്കുന്നു. ആഗോളശൃംഖല പൂർത്തിയാക്കപ്പെടുമ്പോൾ ടെലിവിഷൻ പരിപാടികൾ ഭൂമിയിൽ അങ്ങോട്ടും ഇങ്ങോട്ടും യഥേഷ്ടം പ്രക്ഷേപണംചെയ്യാൻ നമുക്കു് സാദ്ധ്യമായിത്തീരും. വാർത്താപ്രാധാന്യമുള്ള സംഭവങ്ങളും കളികളും വിദ്യാഭ്യാസപ്രവർത്തനങ്ങളും വ്യത്യസ്ത സംസ്കാരങ്ങളുള്ള ആളുകളെയും ദേശീയ നേതാക്കന്മാരെയും ലോകത്തിൽ എവിടെനിന്നും കാണുന്നതിനു് നമുക്കു സാധിക്കും. വാർത്താവിനിമയോപഗ്രഹങ്ങൾ പല മാനവസമൂഹങ്ങളുടെയും യുഗങ്ങളായി നിലനിന്നു പോരുന്ന ഏകാന്തത അവസാനിപ്പിക്കുന്നതാണു്.

ഒരു ആഗോള വാർത്താവിനിമയോപഗ്രഹപദ്ധതി സ്ഥാപിക്കുന്നതിനു് താഴെപ്പറയുന്ന രാഷ്ട്രങ്ങൾ വാർത്താവിനിമയോപഗ്രഹ കോർപ്പറേഷനുമായി കരറിൽ ഒപ്പുവച്ചിട്ടുണ്ടു്.

അൾജീരിയ, ആർജൻറീനാ, ആസ്ത്രേലിയാ, ഓസ്ട്രിയാ, ബൽജിയം, ബ്രസീൽ, കാനഡാ, സിലോൺ, ചിലി, കൊളംബിയാ, ഡന്മാർക്ക്, എത്യോപ്യാ, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഇന്ത്യാ, ഇൻഡോനേഷ്യാ, ഇറാക്ക്, ഐർലണ്ടു്, ഇസ്രയേൽ, ഇററലി, ജപ്പാൻ, ജോർഡാൻ, കുവൈററ്, ലബനോൺ, ലിബിയാ, മൊണാക്കോ, ന്യൂസിലണ്ടു്, നെതർലണ്ട്സ്, നോർവ്വേ, പോർട്ടുഗൽ, ചൈനാ റിപ്പബ്ളിക്ക്, സൗദിഅറേബ്യാ, ദക്ഷിണാഫ്രിക്കാ, സ്പെയിൽ, സുഡാൻ, [illegible], സ്വിററ്സർലണ്ടു്, സിറിയൻ അറബിറിപ്പബ്ളിക്, ടുണിഷ്യാ, ഐക്യഅറബിറിപ്പബ്ളിക്ക്, ബ്രിട്ടൻ, അമേരിക്ക, ഉറുഗേ, വത്തിക്കാൻ സിററി.

തലസ്ഥാനത്തു നിന്നു്

[സ്വ. ലേ] ഏപ്രിൽ 30

കേരള ഇലക്ട്രിസിററി ബോർഡ് ചീഫ് എൻജിനീയർ ആഫീസിലെ ടെക്നിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ ശ്രീ പി. എൻ. നാരായണൻനായരെ, ശ്രീ ജി. ഡി. നായർ റിട്ടയർചെയ്യുന്ന ഒഴിവിൽ തിരുവനന്തപുരത്തു് ഇലക്ട്രിക് സൂപ്രണ്ടിംഗ് എൻജിനീയറായും, നേരിയമംഗലം ജനറേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ വി. ഗണപതിയെ ചീഫ് എൻജിനീയർ ആഫീസിലെ (ടെക്നിക്കൽ) സൂപ്രണ്ടിംഗ് എൻജിനീയറായും, കോഴിക്കോട്ടു് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ കെ. ത്രിവിക്രമൻനായരെ നേരിയമംഗലത്തേക്കും, പാലക്കാട്ടു് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ വി. കെ. രാജഗോപാലനെ കോഴിക്കോട്ടേക്കും, അവധികഴിഞ്ഞു് തിരിച്ചുവരുന്ന ശ്രീ വി. മാധവമേനോനെ പാലക്കാട്ടു് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറായും സ്ഥലംമാററി നിയമിച്ചിരിക്കുന്നു.

ലേ സെക്രട്ടറിമാരുടെ നിയമനം

തിരുവനന്തപുരം പബ്ലിക്ക് ഹെൽത്തു് ലാബറട്ടറി സൂപ്രണ്ടു് ശ്രീ. കെ. വി. രാമനാരായണനെ പ്രൊമോട്ടുചെയ്തു് മുളങ്കുന്നത്തുകാവു് ടി. ബി. ആശുപത്രിയിൽ ലേ സെക്രട്ടറിയായും, അവിടെനിന്നു് ശ്രീ. എൻ എസ്. നീലകണ്ഠനെ ഹെൽത്തു് സർവീസസ് ഡയറക്ടറേററിൽ സീനിയർ സൂപ്രണ്ടായും, കൊല്ലം ഡിസ്ട്രിക്ട് ആശുപത്രി ലേ സെക്രട്ടറി ശ്രീ. എം. എൻ. ഗോപാലൻനായരെ തിരുവനന്തപുരം വിമൻസ് ആൻറ് ചിൽഡ്രൻസ് ആശുപത്രിയിൽ ലേ സെക്രട്ടറിയായും, കോഴിക്കോട്ടു് ഡിസ്ട്രിക്ട് മെഡിക്കൽ ആഫീസിലെ ജൂനിയർ സൂപ്രണ്ടു് ശ്രീ. കെ. എൻ. ബാലകൃഷ്ണൻ നായരെ പ്രൊമോട്ടുചെയ്തു കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ ലേ സെക്രട്ടറിയായും, ഹെൽത്തു് സർവീസസ് ഡയറക്ടറേററ് ജൂനിയർ സൂപ്രണ്ടു് ശ്രീ. കെ. കെ. കുന്ദനെ പ്രൊമോട്ടു് ചെയ്തു്, ശ്രീ. എൻ. ശങ്കുണ്ണിമേനോൻ റിട്ടയർ ചെയ്യുന്ന ഒഴിവിൽ അവിടത്തന്നെ സീനിയർ സൂപ്രണ്ടായും സ്ഥലം മാററി നിയമിച്ചതരവായിരിക്കുന്നു.

മൈനർ ഇറിഗേഷൻ എക്സി. എൻജിനീയറാഫീസ്

തിരുവനന്തപുരത്തെ മൈനർ ഇറിഗേഷൻ ആൻറ് റൂറൽ വർക്ക്സ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ആഫീസ് വഴുതയ്ക്കാട്ടു് [തിരു: 10] ലക്ഷ്മിവിലാസ് ടി. സി. നമ്പർ 12/409 എന്ന കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്നു.

ആക്സിലിയറി നഴ്സ്-മിഡ്വൈഫ് പരിശീലനം

ശാസ്തമംഗലം ശ്രീരാമകൃഷ്ണമിഷൻ ആശുപത്രിയിൽ ആക്സിലിയറി നഴ്സ് മിഡ്വൈഫറി പരിശീലനകോഴ്സിനു് പ്രവേശനം ആഗ്രഹിക്കുന്നവർ അപേക്ഷകൾ മേയ് 15-ാംനു-ക്കു് മുമ്പു് കിട്ടത്തക്കവണ്ണം നിശ്ചിത അപേക്ഷാഫാറത്തിൽ അയച്ചിരിക്കേണ്ടതാണെന്നു് ഇവിടെ അറിയിച്ചിരിക്കുന്നു. രണ്ടുരൂപ മണിഓർഡറോടുകൂടി, ശ്രീരാമകൃഷ്ണാശ്രമം ആശുപത്രി ശാസ്തമംഗലം തിരുവനന്തപുരം-10 എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ അപേക്ഷാഫാറം ലഭിക്കുന്നതാണു്.

നഴ്സിംഗ് കാളേജ് പ്രവേശനം

തിരുവനന്തപുരം നഴ്സിംഗ്കാളേജിൽ ജൂൺ ഒന്നാംതായതി ആരംഭിക്കുന്ന പബ്ളിക് ഹെൽത്ത് നഴ്സിംഗ് സർട്ടിഫിക്കററ് കോഴ്സ് പ്രവേശനത്തിനു് സംസ്ഥാനഗവമ്മെൻറ് സർവീസിൽ ജോലിയിലിരിക്കുന്ന നിശ്ചിതയോഗ്യതകളുള്ള വനിതാനേഴ്സുമാരിൽനിന്നും തിരുവനന്തപുരം മെഡിക്കൽ കാളേജ് പ്രിൻസിപ്പൽ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. ഈ കോഴ്സ് സംബന്ധിച്ച വിശദവിവരങ്ങൾ ഡയറക്ടർ കാളേജ് ഓഫ് നഴ്സിംഗ് തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ ലഭിക്കും. അപേക്ഷകൾ ആവശ്യമായ എല്ലാരേഖകൾസഹിതം മേയ് പതിനഞ്ചാംതിയതിക്കകം കിട്ടത്തക്കവിധം പ്രസ്തുത മേൽവിലാസത്തിൽ അയച്ചിരിക്കണം.

....

കത്തോലിക്കാ കോൺ. തെരഞ്ഞെടുപ്പു്

വിതയത്തിൽ പ്രസിഡണ്ടും ഇ. എം. ജോസഫ് സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു

(സ്വ. ലേ.) കോട്ടയം, ഏ. 29

കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടായി ഷെവ. ജോസഫ് വിതയത്തിലും, ജനറൽ സെക്രട്ടറിയായി ശ്രീ. ഇ. എം. ജോസഫും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഷെവ. വിതയത്തിനു് 15 നെതിരെ 281 വോട്ടും, മി: ഇ. എം. ജോസഫിനു് 13നെതിരെ 282 വോട്ടും കിട്ടി.

പ്രസിഡണ്ടു സ്ഥാനത്തേയ്ക്കു് മത്സരിച്ച ശ്രീ: ഇ. പി. വറുഗീസിനു് 15 വോട്ടും ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിച്ച ശ്രീ. മാത്യു പള്ളിത്താനത്തിനു് 13 വോട്ടുകളുമാണു് ലഭിച്ചതു്. മൊത്തം പോൾചെയ്ത 299 വോട്ടിൽ 3 വോട്ടു് അസാധുവായി.

ഇന്നു വൈകന്നേരം 5-30നു ഇലക്ഷൻ ബോർഡ് ചെയർമാൻ ശ്രീ: ഏ. ഏ. ജോസഫ്, (ആലുംപറമ്പിൽ] മെമ്പർമാരായ ഏ. പി ജോസഫ്, ജോസഫ് മാക്കീൽ എന്നിവരുടെ സാന്നിദ്ധ്യത്തിലാണു് വോട്ടെണ്ണൽ നടന്നതു്. മുൻ പ്രസിഡണ്ടു് ശ്രീ. പി. സി. ഏബ്രഹാം, വൈസ് പ്രസിഡണ്ടു്, [ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിച്ച ഇ. എം. ജോസഫ്) മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ. എം ജോസഫ്, മൂന്നുലക്ഷം ഫണ്ടു് കളക്ഷൻ കൺവീനർ. ശ്രീ. തോമ്മസ് സെബാസ്റ്റ്യൻ എന്നിവരും വോട്ടെണ്ണൽ സമയത്തു സന്നിഹിതരായിരുന്നു.

മൊത്തം 376 വോട്ടർമാരിൽ 367 പേർക്കാണു് വോട്ടവകാശമുണ്ടായിരുന്നതു്. പ്രതിനിധി ഫീസ് അടയ്ക്കാഞ്ഞതിനാൽ 9 പേരുടെ വോട്ടവകാശം നഷ്ടപ്പെട്ടിരുന്നു.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു് ശ്രീ. ഇ. എം. ജോസഫിനെ തെരഞ്ഞെടുക്കുന്നതു് ഇതു രണ്ടാംപ്രാവശ്യമാണു്. കാലാവധി കഴിയുന്ന ഭരണസമിതിയിൽ ഇദ്ദേഹം വൈസ് പ്രസിഡണ്ടായിരുന്നു.

വൈസ് പ്രസിഡണ്ടായി ശ്രീ സി. എം. ജോൺ ചെറുകരയേയും ട്രഷററായി ശ്രീ. എം. സി. ചാക്കോ മാന്തുരുത്തിലിനേയും എതിരില്ലാതെ തെരഞ്ഞെടുത്തിരുന്നു.

ഇപ്പോഴത്തെ ഭരണസമിതിയുടെ കാലാവധി ഏപ്രിൽ 30നു് അവസാനിക്കും. ഇപ്രാവശ്യത്തെ തെരഞ്ഞെടുപ്പു് ബാലററ് പേപ്പർ മുഖേനയാണു് നടന്നതു്.

....o....

വനിതാക്യാമ്പ്

ശ്രീകൃഷ്ണപുരം ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28-ാംനു- മുതൽ മൂന്നുദിവസം നീണ്ടുനില്ക്കുന്ന ഒരു ക്യാമ്പു് ചെർപ്പുളശ്ശേരി ഗവർമ്മെണ്ടു് ഹൈസ്കൂളിൽവെച്ചു് നടത്തുന്നതാണു്. ബ്ലോക്കിലെ വിവിധ വനിതാസമാജങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ക്യാമ്പിൽ സംബന്ധിക്കും.

ഒററപ്പാലം ബ്ലോക്ക് വികസനസമിതി

ഒററപ്പാലം ബ്ലോക്ക് വികസന സമിതിയുടെ ഒരു യോഗം മെയ് 3-ാംനു- രാവിലെ 10 മണിയ്ക്കു ചേരുന്നതാണു്.

....o....

ചൈനയുടെ ഉപദേശങ്ങളിലെ ആത്മവഞ്ചന

കുറച്ചുകാലമായി, വികാസം പ്രാപിച്ച രാജ്യമായി നടിച്ചുവരുന്ന ചൈന, വികസിച്ചുവരുന്ന രാജ്യങ്ങൾക്കു സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ വാഗ്ദാനം ചെയ്യുന്നതിനു പുറമേ, വികാസം നടപ്പാക്കേണ്ടതിനെക്കുറിച്ചു് ഉപദേശം നൽകാറുമുണ്ടു്. വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ചൈനയുടെ പ്രചരണത്തിനും ഉപദേശത്തിനും പററിയവ ആഫ്രിക്കയിലെ പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളത്രെ. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദ്യമായി ദേശീയ പതാക പാറിപ്പിക്കുമ്പോൾ തന്നെ ഒരു രാജ്യത്തിനു് സഹായവും ഉപദേശവും ആയി എത്തുന്ന ചൈനീസ് സംഘത്തെ നേരിടേണ്ടിവരുമെന്നു് ആഫ്രിക്കൻ രാജ്യതന്ത്രജ്ഞന്മാർ സാധാരണ തമാശ പറയാറുണ്ടു്.

അങ്ങനെ ചൈനയുടെ നയതന്ത്രകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെടുന്നു. ആദ്യം തന്നെ പാശ്ചാത്യസഹായം സ്വീകരിക്കാതിരിക്കുവാൻ ചൈനീസ് നയതന്ത്ര ഉദ്യോഗസ്ഥന്മാർ ആഫ്രിക്കൻ ഗവണ്മെണ്ടുകളേയും ജനങ്ങളേയും ഉപദേശിക്കുന്നു. പാശ്ചാത്യ സഹായം സ്വീകരിക്കുന്നതു് പാശ്ചാത്യ കൊളോണിയലിസത്തിന്റേയും ആധിപത്യത്തിന്റേയും പുനഃപ്രതിഷ്ഠയായി ചിത്രീകരിച്ചുകൊണ്ടു്, ചൈനീസ് നയതന്ത്രപ്രതിനിധികൾ വിവിധ സാങ്കേതിക-സാംസ്കാരിക ഉടമ്പടികൾ ഉണ്ടാക്കുവാൻ ധൃതി കാണിക്കും. മിക്ക ആഫ്രിക്കൻ രാജ്യങ്ങളിലും സംഭവിച്ചതുപോലെ, ഈ ഉടമ്പടികൾ ദീർഘകാലത്തേക്കു മാനിക്കപ്പെടാറില്ല.

മാനിക്കപ്പെടാത്ത കരാറുകൾ

ഘാനയ്ക്കു് ചൈന 80 ലക്ഷം ഡോളർ പലിശയില്ലാത്ത വായ്പയായി വാഗ്ദാനം ചെയ്തിരിക്കുന്നു. കെനിയക്കു് 10 ലക്ഷം ഡോളർ ഗ്രാൻറും 50 ലക്ഷം ഡോളർ വായ്പയും അനുവദിച്ചിട്ടുണ്ടു്. താൻസാനിയക്കു് 160 ലക്ഷം ഡോളർ സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു. അടുത്ത കാലത്തു ചൈന ആറുകോടി ഡോളർ പലിശയില്ലാത്ത വായ്പയായി പാക്കിസ്ഥാനു് വാഗ്ദാനം ചെയ്യുകയുണ്ടായി.

ഇതെല്ലാം വലിയ സംഖ്യകളാണെന്നു തോന്നുമെങ്കിലും, യഥാർത്ഥ സ്ഥിതിഗതികളുമായി ഈ വാഗ്ദാനങ്ങൾക്കു് യാതൊരു ബന്ധവുമില്ല. ഒന്നാമതായി ഈ വായ്പകൾ പണമായി നൽകാറില്ല. ചൈനീസ് സാധനസാമഗ്രികളുടെ രൂപത്തിലാണു് ഇവ നൽകുക.

മിക്കപ്പോഴും, പാശ്ചാത്യ രാജ്യങ്ങളുടെ സഹായം സ്വീകരിക്കുന്നതിൽനിന്നു ആഫ്രിക്കൻ രാജ്യങ്ങളെ പിന്തിരിപ്പിക്കുന്നതിലും തങ്ങളുടെ ഇഷ്ടാനുസരണം ആ രാജ്യങ്ങളെ പ്രവർത്തിപ്പിക്കുന്നതിലും പരാജയപ്പെടുമ്പോൾ പ്രത്യേകിച്ചും, ചൈന സ്വന്തം വാഗ്ദാനം പ്രാവർത്തികമാക്കാറില്ല. അതിന്റെ ഉത്തരവാദിത്വം സഹായം സ്വീകരിക്കുന്ന രാജ്യത്തിനാണെന്നുവരുത്താൻ ഉടനടി പ്രചരണമാരംഭിക്കുകയും ചെയ്യും. ബുറണ്ടിയിൽ ചൈനീസ് നയതന്ത്രപ്രതിനിധികളുടെ യഥാർത്ഥ ലക്ഷ്യം വെളിവായതിനെത്തുടർന്നു ചൈനയുടെ സഹായ ഉടമ്പടികളെല്ലാം ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ചൈനയുടെ ആധിപത്യം സ്ഥാപിക്കുകയെന്ന രാഷ്ട്രീയോദ്ദേശത്തോടുകൂടിയതാണെന്ന സംഗതി ആഫ്രിക്കൻ രാഷ്ട്രങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്.

സഹായവാഗ്ദാനങ്ങൾ നടപ്പാക്കാത്തതു് ആഭ്യന്തരമായ കാരണങ്ങൾകൊണ്ടാണെന്നു് ചൈന ഒരിക്കലും സമ്മതിക്കാറില്ല. ചൈന സ്വയം കൊട്ടിഘോഷിക്കുന്നതുപോലെ ഒരു വികസിതരാജ്യത്തിന്റെ മാതിരി ചൈനീസ് സമ്പദ്‌വ്യവസ്ഥ വികസിച്ചിട്ടേയില്ല. സമ്പദ്‌വ്യവസ്ഥയുടെ ഇപ്പോഴത്തെ നിലവെച്ചുനോക്കിയാൽ മററു രാജ്യങ്ങൾക്കു് സാമ്പത്തികവും സാങ്കേതികവും ആയി വലിയ സഹായങ്ങൾ നൽകുവാൻ ചൈനയ്ക്കു കഴിയുകയുമില്ല.

ഉല്പാദനം അപര്യാപ്തം

സാമ്പത്തികമായ പുനരുജ്ജീവനം ചൈനയിൽ ഇനിയും മുഴുവനായിട്ടില്ല. പരുത്തി, എണ്ണക്കുരുക്കൾ, സോയാബീൻ എന്നിവയുടെ ഉല്പാദനം ഇപ്പോഴും അപര്യാപ്തമാണു്. വ്യാവസായികോല്പാദനവും വേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ല. ചൈനയുടെ ആവശ്യങ്ങളുടേയും പ്രതീക്ഷകളുടേയും പാശ്ചാത്തലത്തിൽ ഉല്പാദനവർദ്ധനവു് തികച്ചും നിസ്സാരമാണു്.

ദീർഘകാലത്തെ ക്രമപ്രവൃദ്ധവും സ്ഥിരവുമായ സാമ്പത്തികാസൂത്രണം ആവശ്യമാണെന്നു് ചൈനീസ് നേതാക്കൾക്കു് ബോദ്ധ്യമായിട്ടുണ്ടു്. മററുള്ളവർക്കു് പ്രയോജനകരമായതു് തങ്ങൾക്കും പ്രയോജനകരമാണെന്നു് ചൈനീസ് നേതാക്കൾ വിശ്വസിക്കുന്നില്ലായിരിക്കാം. പാശ്ചാത്യസഹായം സ്വീകരിക്കരുതെന്നു് ആഫ്രിക്കൻ രാജ്യങ്ങളെ ഉപദേശിക്കുന്ന ചൈന അത്തരം സഹായം സ്വയം സ്വീകരിക്കുവാൻ മടിക്കുന്നില്ല. കഴിഞ്ഞ ഒരു കൊല്ലത്തിനിടക്കു് വിവിധതരം വ്യാവസായിക സജ്ജീകരണങ്ങൾ ജപ്പാനിൽനിന്നും പാശ്ചാത്യ രാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതിനു് നിരവധി നടപടികൾ ചൈന സ്വീകരിക്കുകയുണ്ടായി. അനേകം വ്യാവസായിക പ്രദർശനങ്ങൾ ചൈനയിൽ നടത്തപ്പെട്ടു. വിദേശരാജ്യങ്ങളിലേയ്ക്കു്, പ്രത്യേകിച്ചും പശ്ചിമയൂറോപ്പിലേയ്ക്കു്, ചൈന നിരവധി സാങ്കേതിക സംഘങ്ങളെ അയക്കുകയുണ്ടായി.

ഉള്ളിലെ ഉദ്ദേശങ്ങൾ

ഇവയെല്ലാം ചൈനയുടെ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുമെങ്കിലും, വികസിതരാജ്യങ്ങളുമായി അതിന്റെ വ്യാപാരസാദ്ധ്യതകൾ അത്രയൊന്നും ശോഭനമല്ല കാരണം ചൈനയുടെ ശരിയായ ലക്ഷ്യം വികസിത രാജ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. ജപ്പാനും പാശ്ചാത്യരാജ്യങ്ങളുമായിട്ടുള്ള ചൈനയുടെ വ്യാപാരം ഇയ്യിടെ അല്പം വർദ്ധിച്ചതു് മൊത്തം വ്യാപാരം വർദ്ധിച്ചതു കൊണ്ടല്ല. കമ്മ്യൂണിസ്റ്റുരാജ്യങ്ങളുമായുള്ള വ്യാപാരം തിരിച്ചുവിട്ടതുകൊണ്ടാണു്. ഇവയൊന്നും ചൈന വീമ്പിളക്കുന്ന സാമ്പത്തിക വിജയത്തെ സ്ഥിതികരിക്കുന്നില്ല, കർഷകരുടെ സ്വകാര്യ പരിശ്രമശീലത്തെ നിയന്ത്രിക്കുവാനും വർഗ്ഗസമരത്തിനും സോഷ്യലിസ്റ്റ് വിദ്യാഭ്യാസത്തിനും അമിതപ്രാധാന്യം കല്പിക്കുവാനുമുള്ള പുതിയ ശ്രമമാണു് ഇതിനൊക്കെ കാരണമെന്നു് നിരീക്ഷകർ കരുതുന്നു. പക്ഷെ, പാർട്ടിക്കകത്തും, ഭാവിയിൽ നേതൃത്വം ഏറെറടുക്കേണ്ടവരികിലും കാണുന്ന മുതലാളിത്ത പ്രവണതകൾ പാർട്ടിനേതാക്കൾക്കു് വലിയ തലവേദന ഉണ്ടാക്കുന്നുണ്ടു്.

....

കോൺ: നേതൃത്വത്തിലെ കോഴിപ്പോരു് മുറുകുന്നു

പട്ടീലിനെ തഴയാൻ ഒരു നിഗൂഢപദ്ധതി_തെരഞ്ഞെടുപ്പു് ഫണ്ടു് സംബന്ധിച്ചു് നന്ദ ബിർളയുമായി ഒരു സ്വകാര്യ കരാറുണ്ടാക്കിയെന്നു്

ന്യൂഡൽഹി, ഏപ്രിൽ 29

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ സംഘടനാവിഭാഗവും ഗവണ്മെണ്ടു വിഭാഗവും തമ്മിൽ കൂടുതൽ കാര്യക്ഷമമായി കൂട്ടുചേർന്നു പ്രവർത്തിക്കാനുതകത്തക്കവണ്ണം പ്രസിഡണ്ടു് കാമരാജ് സമർപ്പിച്ച ഫോർമുലയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സിൻഡിക്കേററിന്റെ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി ശാസ്ത്രിക്കും ആഭ്യന്തരമന്ത്രി നന്ദക്കും ഇന്നൊരു തലവേദനയായിത്തീർന്നിരിക്കുന്നുവെന്നു തെളിയിക്കുന്ന വിശ്വസനീയമായ പല അന്തർനാടകങ്ങളും റിപ്പോർട്ടു ചെയ്യാൻ കഴിയും.

ഗവമ്മെണ്ടു തലത്തിൽ എടുക്കേണ്ട തീരുമാനങ്ങൾക്കു മുമ്പിൽ നിരന്തരം പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സംഘടനാ വിഭാഗത്തിന്റെ ഈ വക്താക്കൾ ഭരണകാര്യങ്ങളിൽ അതിരുകവിഞ്ഞ കൈകടത്തലുകൾ നടത്തുന്നുണ്ടെന്നാണറിയാൻ കഴിയുന്നതു്. ഈ സിൻഡിക്കേററിന്റെ നേതൃത്വത്തിൽ റാഞ്ചിയിലും അരാംബാഗിലും ബേഹലയിലും വിളിച്ചുകൂട്ടിയ രാഷ്ട്രീയ സമ്മേളനങ്ങൾ ഭരണവിഭാഗത്തിനെതിരെ നിശിതമായ വിമർശന ശരങ്ങൾ തൊടുത്തുവിടുകയുണ്ടായി. കമ്മ്യൂണിസ്റ്റുകളുടെ ദേശീയ വിരുദ്ധ പ്രവർത്തനങ്ങളുടേയും കൊള്ളലാഭക്കാരുടെ സാമൂഹ്യ വിരുദ്ധ നടപടികളുടേയും മറപററിനിന്നുകൊണ്ടു്, ഗവമ്മെണ്ടു വിഭാഗത്തിനെ ചെളി വാരിയെറിയാനാണു് ഈ സമ്മേളനങ്ങൾ മുൻ കയ്യെടുത്തതു്.

1967-ലെ തെരഞ്ഞെടുപ്പുവരുന്നതിന്റെ പശ്ചാത്തലത്തിൽ ഭരണവിഭാഗത്തിന്മേലുള്ള സിൻഡിക്കേററിന്റെ ഈ ആക്രമണത്തിന്റെ പിന്നിൽ നിഗൂഢമായ പല ലക്ഷ്യങ്ങളും പതിയിരിപ്പുണ്ടെന്നാണു് കരുതപ്പെടുന്നതു്. ഈ ആക്രമണത്തിന്റെ ശക്തികൂടി കൊണ്ടുവരാനും അങ്ങനെ ഭരണവിഭാഗത്തെ തങ്ങളുടെ ചൊൽപ്പടിയിൽ നിറുത്താനുമുള്ള ഒരു ശ്രമമാണിതെന്നാണു് രാഷ്ട്രീയ നിരീക്ഷകർ വിശ്വസിക്കുന്നതു്.

നന്ദയുടെ ദൌത്യം

ഭരണവിഭാഗവും സംഘടനാവിഭാഗവും തമ്മിലുള്ള ഈ ഉരസ്സലിന്റെ പശ്ചാത്തലത്തിലാണു് ഏപ്രിൽ 16-ാംനു- ശ്രീ. നന്ദ കൽക്കട്ടയിലേക്കു് പറന്നതും ഒരുദിവസത്തെ ചർച്ചകൾ നടത്തിയതെന്നുമാണു് രാഷ്ട്രീയവൃത്തങ്ങൾ കരുതുന്നതു്. കേന്ദ്ര നേതൃത്വത്തെ കൂടുതൽ ശക്തമാക്കാൻ അദ്ദേഹത്തിന്റെ ദൌത്യത്തിനു കഴിഞ്ഞുവെന്നാണറിയുന്നതു്. തെററിദ്ധാരണകളും പാർട്ടി നേതൃത്വത്തിലെ അഭ്യന്തര ഭിന്നതകളും തൽക്കാലത്തേക്കെങ്കിലും മൂടിവെക്കാൻ ശ്രീ. നന്ദയ്ക്കു് കഴിഞ്ഞിട്ടുണ്ടത്രെ.

പട്ടീലിനെ ക്രൂശിക്കുന്നു

കൽക്കത്തയിൽ ചേർന്ന മാർവാരി റിലീഫ് സൊസൈററിയുടെ ഒരു യോഗത്തിൽ ശ്രീ. എസ്. കെ. പട്ടീൽ ചെയ്ത ചില പരാമർശങ്ങളാണു് ഈയടുത്തകാലത്തു് വളരെയേറെ വാദപ്രതിവാദങ്ങൾക്കിടകൊടുത്തതു്. ഈ രാജ്യത്തെ വൻകിട വ്യവസായികൾ നിർല്ലോഭം കോൺഗ്രസ്സ് ഫണ്ടിലേക്കു നൽകിയ സംഭാവനകളാണു് സ്വാതന്ത്ര്യസമരത്തെ ശക്തിയായി തുടർന്നു കൊണ്ടുപോകാൻ സഹായിച്ചതെന്നാണു് ശ്രീ. പട്ടീൽ ഈ സമ്മേളനത്തിൽ പ്രസ്താവിച്ചതു്. എന്നാൽ ശ്രീ. അതുല്യഘോഷ് ഈ പ്രസ്താവനയെ നഖശിഖാന്തം എതിർക്കുകയും, കോൺഗ്രസ്സ് ഫണ്ടിലേക്കു് ഗണ്യമായ സംഭാവനകൾ ലഭിച്ചിട്ടുള്ളതു് ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളുടേതാണെന്നു തിരിച്ചടിക്കുകയും ചെയ്തു. ഒരുപക്ഷെ പണംകൊടുക്കുന്ന കാര്യത്തിൽ വ്യവസായ നേതാക്കൾ മുൻകയ്യെടുത്തെങ്കിൽത്തന്നെയും അവരുടെ കഴിവിന്റെ പരമാവധി ത്യാഗങ്ങൾ സഹിക്കാൻ അവർ തയ്യാറായിരുന്നില്ലെന്നാണു് ഒരു വിഭാഗം നേതാക്കൾ വിശ്വസിക്കുന്നതു്.

വൻകിട വ്യവസായികൾക്കു് ശ്രീ. ശാസ്ത്രിയും നന്ദയും സത്യനാരായണസിൻഹയും ഈയിടെ നൽകിയ ചില ഉപദേശങ്ങളും സിൻഡിക്കേററ് ഗ്രൂപ്പിനെ ചൊടിപ്പിച്ചിട്ടുണ്ടു്. മന്ത്രിമാരുടേയും നേതാക്കന്മാരുടെയും ചില പ്രവർത്തനങ്ങളും പ്രസ്താവനകളും സോഷ്യലിസത്തിന്റെ ബദ്ധശത്രുവായ മുതലാളിത്തത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നതിനു തുല്യമാണെന്നത്രെ ഇവർ വ്യാഖ്യാനിക്കുന്നതു്.

തെരഞ്ഞെടുപ്പിനാവശ്യമായ പണത്തിന്റെയും മററു സന്നാഹങ്ങളുടെയും കാര്യത്തിൽ ശാസ്ത്രിയും നന്ദയുമൊക്കെ തങ്ങളുടെ ഗ്രൂപ്പിനെ തുടർന്നു് ആശ്രയിക്കത്തക്ക ഒരു പരിതസ്ഥിതി സൃഷ്ടിക്കുകയാണു്. സിൻഡിക്കേററിന്റെ ഈ നീക്കങ്ങളുടെ ലക്ഷ്യമെന്നാണു് കാര്യസ്ഥാനമുള്ള കേന്ദ്രങ്ങളുടെ നിഗമനം.

ബിർളയുടെ ഉറപ്പ്

കല്ക്കട്ടയിലെ ഡംഡം വിമാനത്താവളത്തിൽനിന്നും രാജ്ഭവനിലേക്കുള്ള 25 മിനിട്ടു് നീണ്ടുനിൽക്കുന്ന യാത്രയിൽ ശ്രീ. നന്ദയോടൊപ്പം ശ്രീ. ജി. ഡി. ബിർള മാത്രമാണു് കാറിൽ സഞ്ചരിച്ചതെന്നും ഈ സമയത്തിന്നുള്ളിൽ ചില ഉറപ്പുകൾ ബിർളയിൽനിന്നും വാങ്ങാൻ നന്ദക്കു് കഴിഞ്ഞുവെന്നുമാണു് ഏററവും രഹസ്യമായി അറിയാൻ കഴിയുന്നതു്. ഇനിമേൽ വൻകിട മുതലാളിമാരും വ്യവസായികളും കോൺഗ്രസ്സ് തെരഞ്ഞെടുപ്പു് ഫണ്ടിലേക്കു നൽകുന്ന സംഭാവനകൾ ഘോഷം കൂട്ടരുംവഴി അല്ലായിരിക്കുമെന്നുള്ളതാണു് ഈ ഹ്രസ്വ സംഭാഷണത്തിന്റെ ഫലം. ശാസ്ത്രിക്കും നന്ദക്കും കൂടുതൽ മന:സമാധാനത്തോടെ തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളിലേർപ്പെടാൻ ഇതു സഹായകമായി തീരുമെന്നുള്ളതു തീർച്ചയാണു്. നന്ദയുടെ കല്ക്കത്താ യാത്ര അത്രത്തോളം ഒരു വിജയവുമാണു്.

സിൻഡിക്കേററിന്റെ ഒരു നെടുംതൂണായിരുന്ന ശ്രീ പട്ടീലിന്റെ ബിസിനസ്സുകാർക്കനുകൂലമായുള്ള പരാമർശനങ്ങൾ ഒരു പക്ഷെ ഏതാനും വാരങ്ങൾക്കുള്ളിൽ അദ്ദേഹത്തെ സിൻഡിക്കേററിൽനിന്നും പുറന്തള്ളാനിടയാക്കിയേക്കുമെന്നു കരുതപ്പെടുന്നു.

പാലക്കാട്ടു് വാർത്തകൾ

പാലക്കാട്ടു്, ഏപ്രിൽ 28

മേയ് 3-ാംനു- മുതൽ ആറാഴ്ച നീണ്ടുനില്ക്കുന്ന ഒരു പ്രീ മെഡിക്കൽ കോഴ്സ് പാലക്കാട്ടു് വിക്ടോറിയാ കോളേജിൽ ആരംഭിക്കുന്നതാണെന്നു് പ്രിൻസിപ്പാൾ അറിയിക്കുന്നു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സുവോളജി എന്നീ ശാസ്ത്രവിഷയങ്ങളിലൊന്നു് ഐഛിക വിഷയമായെടുത്തു് ബി. എസ്. സി. പാസ്സായിട്ടുള്ളവർക്കു് ഈ കോഴ്സിൽ ചേരാം. ഫീസ് 50കയാണു്. കോഴ്സിൽ ചേർന്നു പഠിക്കണമെന്നുള്ളവർ മേയ് 1-ാംനു-യ്ക്കു മുമ്പു് യോഗ്യതാഫലങ്ങളോടെ പ്രിൻസിപ്പാൾക്കപേക്ഷിയ്ക്കേണ്ടതാണു്.

യന്ത്രത്തറികൾ ഉൽഘാടനം ചെയ്തു

കേരള ഗവണ്മെണ്ടിൽനിന്നും കഴൽമന്ദം കൈത്തറി നെയ്ത്തു് പരസ്പരസഹായ സംഘത്തിലേയ്ക്കു് അനുവദിച്ച പത്തു് യന്ത്രത്തറികളുടെ ഉൽഘാടനം ഏപ്രിൽ 25-ാംനു- ഞായറാഴ്ച വൈകുന്നേരം 6-30-നു് കേരള വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ ശ്രീ ജസ്റ്റിൻ എസ്. യേശുദാസൻ നിർവ്വഹിച്ചിരിക്കുന്നു. ഉൽഘാനത്തോടനുബന്ധിച്ചു കൂടിയ പൊതുയോഗത്തിൽ ഡോക്ടർ കെ ടി. അലക്സാണ്ടർ അവർകൾ ആദ്ധ്യക്ഷം വഹിച്ചു. അഡീഷണൽ ഡയറക്ടർ തന്റെ പ്രസംഗത്തിൽ നെയ്ത്തുകാരുടെ പ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളേയും കൂലങ്കഷമായി വിശദീകരിക്കുകയും താണതരം നൂലു് നെയ്ത്തു പഴഞ്ചൻ രീതിയിൽ ചരക്കുണ്ടാക്കുന്നതു് മാററി ഉയർന്നതരം നൂലു് ആധുനികരീതിയിലുള്ള നെയ്ത്തു് ഉപകരണങ്ങളുമുപയോഗിച്ചു് പലവിധ ഡിസൈനുകളോടുകൂടി നെയ്ത്തു ചരക്കുകളുടെ മേന്മയും ഭംഗിയും ഈടും വർദ്ധിപ്പിക്കേണ്ടതാണെന്നും പറഞ്ഞു. നെയ്ത്തുകാരുടെ കൂലി വളരെ വർദ്ധിപ്പിച്ചു് അവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാനും അതുവഴി സാദ്ധ്യമാണു്. യോഗത്തിൽ സംഘം സെക്രട്ടറി ശ്രീ. ഏ. തെമ്പഴണി സംഘത്തിന്റെ പ്രവർത്തനറിപ്പോർട്ടു് വായിച്ചു. പാലക്കാട്ടു് ഹാൻഡ്ലൂം ജൂനിയർ സൂപ്പർവൈസർ ശ്രീ. കെ. ഗോപാലകൃഷ്ണൻ നന്ദിപ്രകടനം നടത്തി.

മ്യൂസിക്ക് അക്കാഡമി പ്രവേശനം

പാലക്കാട്ടെ മ്യൂസിക്ക് അക്കാഡമിയിൽ പ്രവേശനത്തിന്നായി സംഗീതാഭിരുചിയുള്ള പതിമൂന്നും, ഇരുപതും വയസ്സിനകത്തുള്ളവരിൽനിന്നും പ്രിൻസിപ്പാൾ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകർ മൂന്നാംഫോറം (എട്ടാം സ്റ്റാൻഡേർഡു്) പാസ്സായിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ മേയ് 28-ാംനു-യ്ക്കകം കിട്ടേണ്ടതാണു്. ജൂൺ 1-ാംനു-യാണു് കോഴ്സ് ആരംഭിക്കുക.

പാലക്കാട്ടു സർവ്വേ ട്രെയിനിംഗ്

പാലക്കാട്ടു് ഇദംപ്രഥമമായി രണ്ടു് ചെയിൻ സർവ്വേ ക്ലാസ്സുകൾ ഗവണ്മെണ്ടു് അനുവദിച്ചിരിക്കുന്നു. മൂന്നുമാസം നീണ്ടുനില്ക്കുന്ന ട്രെയിനിങ്ങ് ക്ലാസ്സിൽ 30 പേർക്കു് പ്രവേശനമുണ്ടായിരിക്കും. ആദ്യത്തെ ക്ലാസ്സ് പുതുപ്പരിയാരത്തു് (പഴയ ഐ. ടി. ഐ. കെട്ടിടത്തിൽ) മേയ് 1-ാംനു- ആരംഭിക്കുന്നതാണു്. ഇതിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനീവിദ്യാർത്ഥികൾ മേയ് 1-ാംനു-തന്നെ റിപ്പോർട്ടു് ചെയ്യേണ്ടതാണെന്നു് പാലക്കാട്ടു് സർവ്വേ സൂപ്രണ്ടു് അറിയിക്കുന്നു.

....o....

തിരുത്തു്

കരിയച്ചിറ ഏ. 30

ഇന്നത്തെ പത്രത്തിൽ 'വിവാഹങ്ങൾ' എന്ന തലക്കെട്ടിലുള്ള കരിയച്ചിറ വാർത്തയിൽ മൊയലൻ അന്തോണി മകൾ മേഴ്സി എന്നതു് മൊയലൻ അന്തോണി മകൾ ആഗ്നസ്. എന്നു തിരുത്തി വായിക്കേണ്ടതാണു്.

ലഘുനാടകം

ഭൂകമ്പം

പറവൂർ ജോർജ്ജ്

രംഗം രണ്ട്

[ആദ്യം കണ്ടതായ രംഗം പഴയതു പോലുള്ള സജ്ജീകരണങ്ങൾ. സമയം ഏകദേശം നാലുമണിയായിക്കാണും. വെറോനിക്കാ മുറിയിലുണ്ട്. വേഷവിധാനങ്ങൾക്കു പ്രത്യേക മാറ്റങ്ങളൊന്നുമില്ല. ആരേയോ പ്രതീക്ഷിച്ചിരിക്കുന്നു....കൂടുള്ളടെ തലമുടിക്ക് പരിഷ്കാരങ്ങൾ വരുത്തുന്നുണ്ട്. ഒടുവിൽ യഥാർത്ഥ സൗന്ദര്യം വീണ്ടെടുത്ത സംതൃപ്തി മുഖത്തു കളിയാടി. അടുത്ത പരിപാടി ഡയറി പരിശോധനയായി. ഓരോ പേജ് മറിക്കുമ്പോഴും തന്റെ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നു. "കൊള്ളാം! അവളുടെ പല്ല കാഴ്ചയുണ്ടാ കൊപ്പം! പ്രായം അൽപം കടന്നുപോയി. (പെട്ടെന്നു നെറ്റി ചുളിച്ച് ഓ....ഒരിക്കൽ ഒരുത്തന്റെ പൂതികൊണ്ടു ബോംബാക്ക് കളിച്ചുപോയിട്ടുണ്ടല്ലോ?" തുടങ്ങിയ അഭിപ്രായങ്ങൾ ഓരോ പേജും നോക്കി പറയുന്നു. ഇടയ്ക്കിടയ്ക്ക് അകത്തേയ്ക്കും മുറിയിലേയ്ക്കും നോക്കും]

വെറോ: (ക്ഷമകെട്ട്) റോസമ്മച്ചേടത്തി! ഉസ്സ്കുള്ള് മിസ്സ്സ്സ്സ്! ആരെങ്കിലും വരണെ....വൈകുന്നേരത്തെ കാപ്പിടെ തൊക്കിലായിരിയ്ക്കും....നേരം ഇരട്ടിയാ അത്താഴവും തരേണ്ടിവരും....! റോസമ്മച്ചേടത്തി! എന്തെങ്കിലും പറഞ്ഞ് താനുള്ളതും നന്ന് എന്നെയങ്ങ് പിരിച്ചുവിട്ടോ! (അതൊരഭ്യർത്ഥനയായിരുന്നു.)

(ലില്ലിക്കുട്ടി അകത്തുനിന്നും മറിയിലെത്തി.)

ലില്ലി: എന്തായിവെറോനിയ്ക്കുച്ചേടത്തീ!

വെറോ: അല്ല മിസ്സ്സ്സ്സ്!! ഞാൻ വരണ നിങ്ങളെ കൊല്ലാനും കൊലയ്ക്കു കൊടുക്കാനുമാണോ? ഈ കല്യാണബന്ധം എന്നവച്ചാ ദൈവീകബന്ധം. അമ്മയായിട്ട് ഞാൻ ഒന്നും രണ്ടും പറഞ്ഞ്. ഈ വീട്ടിലുള്ളവയ്ക്ക് ഇക്കാര്യത്തിലു് വല്യ മൂഴത്തോന്നുന്നില്ല.

ലില്ലി: (സൗമ്യതയോടെ) ചേട്ടത്തീ! ഈ വീട്ടിലുള്ളവരുടെ ചൂടുകാണ്ടുതന്നെ കൊണ്ടൊന്നുമല്ല. എനിയ്ക്കിപ്പോൾ കല്യാണമൊന്നും വേണ്ട.

വെറോ: കല്യാണം കഴിക്കണോ വേണ്ടാന്നു് ആ മൊകം വിളിച്ച പറയണ്. (കൂടുതൽ ഉദാഹരണത്തോടെ) ഞാനാ പെക്ക നെപ്പറ്റിയാ കുറച്ചുകൂടി വായിച്ച കേംപ്പിയ്ക്കാം....(മുക്കിമൂളി ഡയറി തുറന്നു.)

ലില്ലി: (അമർഷംകടിച്ചമർത്തിക്കൊണ്ട്) വേണ്ടെന്നു പറഞ്ഞില്ലേ!! പിന്നെയെന്തിനു ബുദ്ധിമുട്ടിക്കുന്നു. (അല്പം വേദനയോടെ) എന്റെ ജോലിടെ കാരണത്താലിലാണ് ഈ കഷ്ടപ്പാടുമുണ്ടായതു് ഇക്കാര്യം ഞാനീ വീട്ടിൽനിന്നുംപോയാൽ ഈ വീടിന്റെ സ്ഥിതി.

വെറോ: അതിനു ശീമയ്ക്കുന്നുമല്ല പോകുന്നെ—ബോംബാക്കാ....!

ലില്ലി: നിങ്ങൾക്കു കാര്യം പറഞ്ഞാൽ മനസ്സിലാകില്ലെന്നു വച്ചാൽ....?

വെറോ: മിസ്സ്സ്സ്സ്! പനങ്കാരി പോലെ രണ്ടെണ്ണമുണ്ടല്ലോ അനിയത്തി മാരെന്നും പറഞ്ഞ്....അവളു്മാരെ എന്തെങ്കിലും ജോലിയ്ക്കു പറഞ്ഞയക്കണോന്നു്?

ലില്ലി: അവരെന്നേപ്പോലെയാണോ? ഈവക ബുദ്ധിമുട്ടുകളൊന്നും അവരറിഞ്ഞിട്ടില്ല!

വെറോ: പെണ്ണായാ കൊറച്ചു ബുദ്ധിമുട്ടണം, ആകായിലമ്മേനുള്ളട്ട് വീട്ടിക്കേറിയിരുന്നാ പറ്റുലാ....അഴകുകുത്തിയാ അരിയാകൊ....? (റോസമ്മച്ചേടത്തി വരുന്നു. മുഖത്തിനു് അതുവരിയ തെളിച്ചമൊന്നുമില്ല. വെറോനിക്കായുടെ ലക്ഷ്യം അങ്ങോട്ടു തിരിഞ്ഞു.) ടേ. റോസമ്മച്ചേടത്തി? നിങ്ങളു് പെറെറ തള്ളേണ്ട്! തള്ളമാക്ക് നെരക്കാത്ത പണിയാ നിങ്ങളു് ചെയ്യേക്കണെ....! ഇതു പെങ്കൊച്ചിന്റെ ആശ നിങ്ങളുമൊടക്കി.

റോസ: അവക്കതിനിപ്പോഴെന്നു് പറഞ്ഞില്ലെ?

വെറോ: പതിനാറു വയസ്സുകഴിഞ്ഞാ പെണ്ണൊരു ജാതിയെ കാണുന്നവനെറ പൂരകെ അയയ്ക്കണോന്നാ കാർന്നോമ്മാരു പറഞ്ഞേക്കണെ....

റോസ: അല്ല വെറോനിക്കെ....ഞാനറിയാഞ്ഞിട്ടു ചോദിക്കാ....പല കാര്യങ്ങളും കയ്യും‌വണ്ടല്ലാ....ഒരെണ്ണം വെറോനിക്കാക്കം നോക്കിക്കൂടെ....

വെറോ: റോസമ്മച്ചേടത്തീ! എനിക്ക മാലയോഗം അട്ടത്തിട്ടില്ല. എന്റെ മാലയോഗം അമ്പതുവയസ്സിലാണെന്നാ കൈനോട്ടക്കാരൻ പറഞ്ഞേക്കണെ....

ലില്ലി: അതേതായാലും നല്ലമാലയോഗമല്ല....

വെറോ: മിസ്സ്സ്സ്സ്! എന്റെ കാര്യം വിട്ട്. [യവനികാസ്വരത്തിൽ] മിസ്സ്സ് ടെ മനസുവയ്ക്കണം....

ലില്ലി: (പിരിച്ചിട്ട്) ഈ ചേട്ടത്തി എന്നെ ഇഷ്ടപ്പെട്ടതിയിട്ടേ പോകുന്നുള്ള അല്ലെ?

വെറോ: വേണ്ടിവന്നാ അങ്ങനെതന്നെ മായ്യ്! കേക്കണോ? അതിനെറയൊരു ശരിരം,

ലില്ലി: വേണ്ട....വേണ്ട.....എനിക്കാപരിഭവോം ഭ്രമിശാസ്യോംകേംപിക്കേണ്ട.... (പോകുവാൻ തുടങ്ങി)

വെറോ: [ഡയറിനീട്ടി കല്യാണ ലിസ്റ്റിൽ പേരുപെടുത്തീട്ടുണ്ടോ?]

ലില്ലി: കൊള്ളാം നുല്ലയ്! ലിസ്റ്റിൽ പേരുണ്ടായിട്ടെ....(അകത്തേക്കുപോയി)

റോസ: വെറോനിക്കെ.....മുക്കീല്ലാ വേറെന്തു് എന്തിനാ കസ്തൂരീം കൊണ്ടു ചല്ലണെ....! ഞാൻ പറഞ്ഞില്ലെ നല്ല കാര്യോണെങ്കി മേരിക്കുട്ടിയ്ക്കുവേണ്ടി ആലോചിയ്ക്കുന്നു്....

വെറോ: അതല്ല മിസ്സ്സ്സ് തന്നെ വേണം....

റോസ: (തീരുമാനിച്ചുറപ്പിച്ചുതന്നെ) എന്നാ ഈ പേരും പറഞ്ഞു വെറോനിയ്ക്കു പനിക്കേണ്ടെന്നു.... (മാക്കത്തേയ്ക്കു പോകുവാനൊരുങ്ങുന്നു.)

വെറോ: (പൊടുന്നനെ മനസ്സിനൊരു മാറാം വരുവാനിട്ടു) റോസമ്മച്ചേടത്തി,! ഞാനും ആലോചിക്കാതിരുന്നില്ല മിസ ടസ്സിനെറ കല്യാണം കഴിഞ്ഞപ്പിന്നെനിങ്ങളേക്കെ നോക്കാനാരുണ്ട്! എന്നാമേരിക്കുട്ടീടെ കാര്യം തന്നെയാക്കട്ടെ....അടിച്ചുവഴിയേ പോയിപ്പോയ വഴിയേ അടിച്ചേക്കണം!

[പച്ചപ്പിരി]

റോസ: കേട്ടോ വെറോനിയ്ക്കു! വല്യതൊരെന്നാം കൊട്ടക്കാൻ പാടാ....എന്നാലും നമ്മളിലാകുന്നതൊക്ക ചെയ്യാന്നാമാരും....

വെറോ: എന്നാലും വേണ്ടപ്പെട്ടതിനെ കൊറവുവരുത്തല്ലെ. ഈ വെറോനിയ്ക്കുണ്ടല്ലോ ഒരു പങ്കു്! ആന മെലിഞ്ഞാനും കരുതി തൊഴുത്തേക്കെട്ടാൻ പറോ? റോസ: അതൊക്കെ വേണ്ടതരത്തിലും ശരിപ്പെട്ടത്തിയേക്കാം....

വെറോ: (മുറം നോക്കി] അപ്പഴെ എളേതുങ്ങളും ആ രണ്ടുപെങ്കൊച്ചുങ്ങളെ കണ്ടില്ലല്ലാ....

റോസ: കേഴക്കെ വീട്ടില് ആരോ ഡാൻസ് പടിപ്പിയ്ക്കാൻ വന്നട്ടൊണ്ടു്! അതൊക്കെയൊന്നു കാണാൻ പോയതാ....!

വെറോ: പൊന്പിള്ളേരല്ലേ? നെർത്തിനോട്ടുള്ള സ്നേഹം....(പോകാൻ തിടുക്കമൊഴിച്ചു. പിന്നെ! അത്യാവശ്യോം, എനിക്കൊരഞ്ചുരൂപ തരണം. അത്യാവശ്യോന്നുവച്ചാ അത്യാവശ്യം.

റോസ: (നിസഹായത) ഇവിടെ രൂപയൊന്നുല്ല വെറോനിക്കെ....

വെറോ: ഇവിടെയില്ലെങ്കി എവിടെന്നെങ്കിലും നാളെ സാധിച്ചുതരണം... ല്യാണബന്ധം കല്യാണബന്ധം എന്നവച്ചാ ദൈവീകബന്ധം! മറക്കല്ലെ ഞാനിങ്ങുവരും (കണ്ണങ്കിക്കണങ്കിപോകുന്നു.)

റോസ: (മുകളിലേക്കു നോക്കി) എന്റെ മാതാവേ! നെറവീമ്മെ പോറാൻ ഒറക്കാശില്ല. കല്യാണോന്നും പറഞ്ഞു, അവളു് കൊടുക്കാമ പോലെയാ വരണെ....ഇവളിതെന്തൊക്കെ ചെയ്യുമെന്ന ദൈവമാതാവിനതന്നെയറിയാം.... (നൊടുവീഴ്പ്പിട്ടുന്നു.)

(ലില്ലിക്കുട്ടി വീണ്ടും മുറിയിലെത്തി.)

റോസ: എന്റെറ മോളേ. മേരിക്കുട്ടിയ്ക്കു കല്യാണോംകൊണ്ടു് അവളെത്തുമെന്നാ പറയണെ....നമ്മളെന്തു ചെയ്യാം....

ലില്ലി: അങ്ങനെയാണെങ്കിൽ നടക്കട്ടെയമ്മെ.

റോസ: അതിനൊക്കെ പണം വേണ്ടേ?

ലില്ലി: ആരോടെങ്കിലും കുറച്ചുരൂപാ ചോദിയ്ക്കും....

റോസ: എന്തിനെന്നു കരുതി ചോദിയ്ക്കും?

ലില്ലി: നിവൃത്തിയില്ലെങ്കിൽ ഈ വീടു് ആക്കിക്കിലും പണിയമെഴുതണം.... അവരെങ്കിലും ഉഷ്മെന്നെന്നാരിയാതെ ജീവിയ്ക്കട്ടെ....!

റോസ: (പുറത്തുനിന്നും ആരോ വരുന്നതു കണ്ട്) അല്ല; ദേവു വരുന്നുണ്ടല്ലോ! ഇവരു പണം കൊടുത്തിട്ടില്ലെങ്കി അവളു കെടന്നുപാടും. എന്റെറ മോളു് അകത്തോട്ടു ചെല്ല്; ഇവിടെയിങ്ങനു് അവളുടെയൊക്കെ കാര്യം ഓരോ പോലിസിലുള്ളതു്.

ലില്ലി: അമ്മ മിണ്ടാതെ അകത്തേക്കു പോകുമ്മെ.....

ദേവു: (വാശിയും, വൈരാഗ്യവും, അഭിമാനവും കലർന്ന സ്വരത്തോടെ) ഈ ദേവു വിചാരിച്ചാലേ എല്ലാറിനേം....കോടതികേറിം.....! എന്റെറ ആങ്ങളക്കൊച്ചനാ ഒന്നു പോലീസിലുള്ളതു്....

റോസ: [റോസമ്മച്ചേടത്തിയും വിട്ടുകൊടുത്തില്ല] എടീ! എന്റെറ അനന്തരവളെ പട്ടാളത്തിലുമുണ്ടെടീ!

ലില്ലി: [വിഷമത്തോടെ] ഇതിനൊക്കെയുള്ള കാരുമെന്നു്! അമ്മ അകത്തേയ്ക്കു പോകുവോ....

റോസ: അല്ലെടീ! അവളാന്നെ പോലിസുകാരെക്കൊണ്ടു പിടിപ്പിയ്ക്കുട്ടെ.....!

ദേവു: അല്ലെങ്കി ആ പട്ടാളക്കാരനു് എന്നെയങ്ങു വിഴുങ്ങാം.....മര്യാദയ്ക്കു പണംതന്നിട്ട് വല്യ വർത്തമാനം പറയ്....

റോസ: പണത്തിനു കൊറവൊള്ളതു ദേവു: അന്യരെ പറഞ്ഞുപറ്റിയ്ക്കുവേണ്ടുവോളമുണ്ടു്.

ലില്ലി: പറഞ്ഞതിനിപ്പിന്നെയും അമ്മ അകത്തേയ്ക്കുപോ.... [അമ്മയെ നിബന്ധപൂർവ്വം അകത്തേയ്ക്കുവിടുന്നു. റോസിയുടെ വിധത്തിൽ പിടിപിടിച്ചുകൊണ്ടു് റോസമ്മച്ചേടത്തി പോയി.]

ലില്ലി: അമ്മ അതൊക്കെ വെറുതെ പറഞ്ഞതാ ദേവുകി. മനസ്സു വിചാരിച്ചിട്ടില്ല!!

ദേവു: അല്ല! ഒടേനെ പിടിച്ച കെട്ടുന്ന കാലമാ. ഈ കടം തരാണ മാരാരെടേം പാരീസുകണ്ടോന്നൊന്നുമല്ല. ടീച്ചറാ ഒരാളെ വിചാരിച്ചിട്ടാ!! പോലീസുകാക്കെ ഈ പട്ടാളക്കാരോക്കെ പുല്ലാണെന്നു് അമ്മേടൊന്നു പറഞ്ഞേര്!!

ലില്ലി: എല്ലാം ക്ഷമിയ്ക്കു്....ഇന്നു് ഞാൻ പണം തീരുന്നതിനുമുമ്പു്.....

ദേവു: ഇതാണു് എല്ലാറിലും പൊശക്. നിങ്ങളും ഇതുവരേം തുള്ളുന്നു പറഞ്ഞിട്ടിങ്ങാ....?

ലില്ലി: അതെങ്ങനെ തരില്ലാന്നു പറയും.

ദേവു: അതൊക്കെ പേടേട്ടെ....ഇന്നു് വൈകിട്ട് രൂപ പീടികേലെത്തിച്ചേക്കണം.

ലില്ലി: തിച്ചുയ്യ! ദേവുകി ഈ അവുധി പറയുന്നതിൽ ഇന്നും വിചാരിക്കാം!!

ദേവു: ടീച്ചറാ! പണത്തിനെറകാര്യത്തിൽ അതു കൊറച്ച കൊറവാ....! ങ്ങ അ....പിന്നാരു കാര്യം....വട്ടിലെ അകൊച്ചുചെറുക്കനുകൂടെയും അറിയാൻ പാടില്ല....ഉള്ളതിൽ പടിപ്പിയ്ക്കണപോലുള്ള അവനു പറയണ പേച്ചു്! അപ്പുകൊണ്ടു കൊറച്ച ലൂഷൻ പടിപ്പിയ്ക്കണം....

ലില്ലി: പറയുമ്പോൾ കഴിവുണ്ടാകുന്നതാണും. എനിക്കു് കാലത്തും വൈകിട്ടും ഓരോ ട്യൂഷനുണ്ടു്.

ദേവു: അയ്യോ! കാര്യം തുലച്ചാന്നുവിചാരിക്കേണ്ട....ലൂഷൻ പടിപ്പിയ്ക്കണ പണം ഞാൻ വേറെ തന്നേക്കാം....

ലില്ലി: വിരോധമില്ലെങ്കിൽ സൂസിക്കുട്ടിയേയോ മേരിക്കുട്ടിയേയോ പറഞ്ഞയയ്ക്കാം....

ദേവു: ഏതു കുട്ടിയായാലും കുട്ടി അവിടെ വരുമ്പെപടിപ്പിയ്ക്കണ ടീച്ചറായിരിക്കണം.

ലില്ലി: ഞാൻ വേണ്ടവിധത്തിൽ അവരോടു പറഞ്ഞേക്കാം.

ദേവു: എന്നാലും ആ പെമ്പിള്ളേരു് ടീച്ചറപ്പോലല്ല. അമ്മാതി പൈസത വാങ്ങാ. എന്തെങ്കിലുംവാട്ടെ....പറഞ്ഞയയ്ക്കും....നാലക്ഷരം പറഞ്ഞുകൊടുക്കുമല്ലോ....പിന്നെ ഞാനങ്ങിരുന്നാ രൂപേടെകാര്യം മറക്കില്ല! [പുറത്തേക്കു നടന്നു]

[ലില്ലിക്കുട്ടി ചിന്താധീനയായി; കരോയിച്ചിരുന്നു. ആരോ ഒരു ധൃമക്കാരൻ റോഡിലൂടെ പോടിപ്പോകുന്നുണ്ട്. ഇരുളടഞ്ഞ ജീവിതവുമായി വളരെ ബന്ധമുണ്ട ആ പാട്ടിനു്....ലില്ലിക്കുട്ടി കൂടുതൽ ശ്രദ്ധിച്ചു. അവളറിയാതെ കണ്ണുകളും നിറഞ്ഞു. പെട്ടെന്നു സൂസി പുറത്തുനിന്നും മുറിയിലെത്തി.]

സൂസി: [ആഹ്ലാദത്തോടെ] വല്യേച്ചീ! വല്യേച്ചീ!! ഒന്നാരുവിക്ക് വല്യേച്ചീ!

ലില്ലി: (വേദന പ്രത്യക്ഷമാക്കാതെ] എന്താസൂസീ!?

സൂസി: ഒന്നാരുവിക്ക വല്യേച്ചീ!

ലില്ലി: എന്തിനാണെന്നു്.

സൂസി: ഞാനാ ഇത്തവണപോലിക്കുട്ടി വരുമ്പോൾ നല്ലപോലെ ഉത്തപോലിപ്പിയ്ക്കും വല്യേച്ചീ! കിഴക്കെവീട്ടിൽ വന്നിരിക്കുന്ന മാസ്റ്റർ നല്ലപോലെ ഉത്തപോലിപ്പിയ്ക്കും

ലില്ലി: ഇപ്പോഴതിനാ അവശ്യമുണ്ടോ സൂസീ!

സൂസി: പിന്നെ മുതുക്കിയകുമ്പോഴുത്തരം പഠിക്കണ....ഒന്നാരുവിയ്ക്കും വല്യേച്ചീ! [യാചനയുടെ അടവുകളെല്ലാം വേണ്ടപോലെ പ്രയോഗിയ്ക്കുന്നുണ്ടു്]

ലില്ലി: വേണ്ട! സൂസീ! നാട്ടുകാരുപലതും പറയും....

സൂസി: പിന്നെ.... പിന്നെ.... നാട്ടുകാരു പറയാൻപോണ്. വല്യേച്ചീ 'ങ്ഹൂം' എന്നൊന്നുമൂളിയാമതി. പിന്നെ ഞാനൊരു ഉത്തക്കാരിയായി. (ഉത്തത്തിന്റെ വിവിധ പോസുകളും പ്രത്യക്ഷമാകുന്ന അവളറിയാതെതന്നെ].

ലില്ലി: പണംകൊടുക്കണ്ടെ....?

സൂസി: പിന്നെ കൊടുക്കണ്ടെ? നമ്മുടെ വല്യമ്മാച്ചനാ പഠിപ്പിയ്ക്കാൻവരുന്നെന്നു് മാസം കുറഞ്ഞതു് പതിനഞ്ചുരൂപേങ്കിലും കൊടുക്കണം.

ലില്ലി: പതിനഞ്ചെങ്കിൽ പതിനഞ്ചു് ഉണ്ടാക്കണ്ടെ....?

സൂസി: പതിനഞ്ചുരൂപയില്ലെങ്കിൽ എല്ലാം കുറഞ്ഞ. എങ്ങനേങ്കിലും ഉണ്ടാക്കണം വല്യേച്ചീ! ഞാൻ ഉത്തംപഠിക്കട്ടെ. (വന്നവഴിയെ നോക്കി) ചേച്ചീ! ടാ കൊച്ചേച്ചി വരുന്നുണ്ട്. കൊച്ചേച്ചി പറഞ്ഞ് വല്യേച്ചിയോടു പറഞ്ഞാ അനുവദിച്ചുള്ളൂന്നു്. കുന്നുവടിയ്ക്കും വല്യേച്ചീ! (ദൃതിയിൽകൈമുന്നേ) (മേരിക്കുട്ടിയും ഥഥത്തെത്തി. സൂസി കൈമുന്നാംഭാഗമാക്കുന്നു. അപ്പോഴും മേരിക്കുട്ടിയിൽ ഒരു വിജയബോധം സ്ഥാനംപിടിച്ചു]

മേരി: (ഉൽക്കണ്ഠാഭരിതയോടെ] ഈ പ്പോഴെങ്ങിനിരിക്കുന്നമോളെ.... ചേച്ചീ! അവർക്കു തുള്ളിമറിയാനാ.....! അനുവദിക്കരുതു്!

സൂസി: [പരിഭവത്തോടെ] എന്തുവൈഷമാ കൊച്ചേച്ചി! ഞാൻ ഉത്തംപഠിക്കുന്നതിലുള്ള കണ്ണുകടിയാ....

മേരി: ച്ചേച്ചീ! അവളിതിലുപ്പുരോപെറയും. സമ്മതിയ്ക്കരുതു്.

സൂസി: നീപോടി കൂരിക്കുട്ടി. [യാചനാസ്വരത്തിൽ] ഒന്നുസമ്മതിയ്ക്ക വല്യേച്ചീ!!

മേരി: അമ്മതിയ്ക്കരുതു്ചേച്ചീ! സമ്മതിയ്ക്കരുതു്.

സൂസി: [ജയിയ്ക്കുന്ന കണ്ണുനീരോടെ] കൂരിക്കുട്ടീ!! കൂരിക്കുട്ടീ!! കൂരിക്കുട്ടീ!!!

മേരി: കൂസിക്കുട്ടീ! കൂസിക്കുട്ടീ!! കൂസിക്കുട്ടീ!!!

ലില്ലി. (കുമനഃപ്പൂർവ്വമല്ലാതെ മിടുക്കിയായി തീർക്കേ! എന്നാരാരു രോഗമാ.....സൂസി. തിരുമ്പിപ്പോയി പഠിക്കുട്ടെ. മറ്റൊരുവസരമുണ്ടാക്കട്ടെ. എന്റെ കയ്യിൽ രൂപ ചൊന്നമില്ലെന്നു് നിങ്ങൾക്കറിയാമല്ലൊ! മൂന്നുപാട്ടം കടമുണ്ടു്. ഇന്നു ഹെഡ്മാസ്റ്ററോടു് അമ്പതു രൂപാ ചോദിച്ചു. അദ്ദേഹം വൈകിട്ടു് തരാമെന്നും പറഞ്ഞു.

മേരി: [രൂപയുടെ കാര്യം കേട്ടപ്പോൾ സന്തോഷം അവണ്ണനീയമായി] എനിയ്ക്കിന്നു Airtex സാരി വാങ്ങിച്ചുതരണം. ഇനി പൈസ വരുമ്പോ വാങ്ങിച്ചുതരാമെന്നു് പറഞ്ഞതല്ലേ?....!

സൂസി: [ഇച്ഛഭംഗത്തിൽ തന്റെറ പ്രശ്നവും അവതരിപ്പിച്ചു.] ചേച്ചീ! എന്റെറ സാരികാര്യക്കൊന്നും ഫാഷൻ പോരാ.... എനിക്കൊരു ഡെക്രോൺ സാരി വാങ്ങിച്ചുതരണം!!

മേരി: അതിനു നിനക്കൊരു ചിക്കൻപോയിൽസാരിയുണ്ടല്ലോ! അതുമതി!!

സൂസി: അക്കാര്യം നീ അനുഷ്ഠിക്കണ്ട. കഴിഞ്ഞയാഴ്ചയല്ലേ നിനക്കു വയ്യിച്ചു പാലും പഴവും സാരി വാങ്ങിച്ചുതന്നതു്.

ലില്ലി: [ഇരുവരുടേയും സംസാരത്തിലും പെരുമാറ്റത്തിലുമുള്ള അസഹ്യതാ ബാഹുല്യം കൂട്ടാതിരിക്കാൻ] സൂസീ! മേരിക്കുട്ടീ!!

മേരി: കണ്ടോ ചേച്ചീ! ഞാനാ സാരിയുടെ കാര്യം പറഞ്ഞപ്പോഴേ അവളെയുണ്ടാപോടിയതു് കണ്ടില്ലേ? കുരുപ്പിനു്!! Foreign Nilet സാരിയൊന്നെല്ലാം വാങ്ങണമെന്നാ എന്റെറ ആശ. തല്ക്കാലം Airtex സാരി വാങ്ങിച്ചുതന്നാമതി.

സൂസി: ചേച്ചീ! എനിക്കൊരു കോഞ്ചുവാംഗി സാരി വാങ്ങിച്ചുതരണം. വല്യേച്ചീടെ അനുജത്തിയല്ലേ ഇവളു്! ഞാനും അനുജത്തിയല്ലേ!! ഞാൻ സ്വാമതിയ്ക്കില്ല.

ലില്ലി: ഇതിനൊക്കെ രൂപ വേണ്ടെ?

മേരി: അതിനു ഹെഡ്മാസ്റ്റർ തന്നെ അമ്പതുരൂപാ തരുമല്ലോ? പിന്നെയുള്ള രൂപ എവിടെന്നെങ്കിലും വാങ്ങണം!!

ലില്ലി: ആ ദേവകി ഇപ്പോ ഇവിടന്നു് പോയൊള്ളു. അവക്കു കുറേ രൂപ കൊടുക്കാനുണ്ടു്. ഇന്നു കിട്ടുന്ന രൂപ അവൾക്കു് കൊടുക്കണം!!

സൂസി: ചേച്ചീടെയ്യാര പണിയിലു്? ....പിന്നെ....ആ രൂപ ഇപ്പോ അവക്കു കൊടുക്കേണ്ട.....

മേരി: അവരിനി കടംതന്നില്ലെങ്കിൽ വേറെ എന്തെങ്കിലും കടയിൽനിന്നും വാങ്ങണം!

ലില്ലി: നിങ്ങൾക്കിതിനെപ്പറ്റി മിണ്ടൽ പരിചയമില്ലാഞ്ഞിട്ടാ....

സൂസി: (പരിഭവം മുഖത്തു ഘനീഭവിച്ചു) അല്ലേലും ഞങ്ങളു് വൃത്തീം മെനയുമായി നടക്കുന്നതു് വല്യേച്ചിക്കു് ഇഷ്ടമില്ലെന്നറിയാം....

ലില്ലി: അക്കാര്യത്തെപ്പറ്റിയൊന്നും ഞാൻ പറഞ്ഞില്ലല്ലൊ സൂസി!....ങ്ഹ് ആ....ഞാനൊരു കാര്യം വിട്ടുപോയി. സൂസി! നാളെമുതൽ നീ ആ ദേവകിയുടെ മകനു് ട്യൂഷനെടുക്കണം.

സൂസി: [പൂച്ചു ഭാവത്തിൽ] അയ്യോ....ഞാനോ?....എനിക്ക സാധ്യമല്ല!

ലില്ലി: ട്യൂഷൻ എടുക്കുന്നതു കുറച്ചിലാണോ?

സൂസി: കുറച്ചിലായിട്ടൊന്നുമല്ല! ചേച്ചീടെ തോന്നിയല്ലോ എന്നോടു് ട്യൂഷനെടുക്കാൻ പറയുവാൻ! കാ....കൊച്ചേച്ചിയോടു് പോകാൻ പറയൂ....

മേരി: അതായ്യോടി മോളെ! അതിനു കുറെ പുളിയ്ക്കും. എനിയ്ക്കു പറ്റില്ല ഈ ദാരിദ്ര്യം പിടിച്ച എടവാടിനു്.

സൂസി: (മേരിയോടു്] വല്യബുദ്ധിട്ടൊന്നുമില്ല. നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണു്

മേരി: പ്രീയൂണിവേഴ്സിറ്റിവരെ പഠിച്ച ഞാൻ നാലാം സ്റ്റാൻഡേർഡിൽ ട്യൂഷൻ പഠിപ്പിയ്ക്കുന്നുവെന്നാരെങ്കിലും കേട്ടാൽ....?

സൂസി: [കിട്ടിയ സമയം പാഴാക്കാതെ) അതിനു നീ തോറ്റുപോയല്ലോ! ഇതു പൊങ്ങച്ചം പറയാൻ!

മേരി: നീ മിണ്ടല്ലേടീ കരിനാക്കി ച്ചീ!

ലില്ലി: മേരിക്കുട്ടീ! എന്നാൽ ജഡ്ജിയുടെ വീട്ടിൽ ഞാനെടുക്കണ ട്യൂഷൻ നിനക്ക തരട്ടെ! ഞാൻ ദേവകിയുടെ വീട്ടിൽ പൊയ്ക്കൊള്ളാം?

മേരി: കനകക്കട്ട തരാമെന്നു പറഞ്ഞാലും എനിയ്ക്കു പറ്റില്ല ചേച്ചീ! (തീർത്തു പറഞ്ഞു.)

ലില്ലി: [സൂസിയോടായി) സൂസിയും അതുതന്നെയാണോ പറയുന്നതു്?

സൂസി: എനിക്കതും കൂടിപറ്റില്ല!

മേരി: അക്കാര്യം അവിടെ നിൽക്കട്ടെ ചേച്ചി സാരീടെ കാര്യം പറയൂ...ട്യൂഷനും മണ്ണാങ്കട്ടയും!

സൂസി: അമ്മയുരൂപാ കിട്ടുമല്ലോ.... ഒരു ബ്ലൗസ് പീസുകൂടിയെടുക്കണം Boat neck കട്ടിം ഗീലയുള്ള കുറെ ബ്ലൗസുപോലും എനിയ്ക്കില്ല!

മേരി: അതിനെനിനിക്ക് സ്ലീവ്ലെസ്സ് കട്ടിം ഗിലുള്ളതുണ്ടല്ലേ!

സൂസി: (കൈകൊണ്ടു കൂപ്പി തൊഴുകൊണ്ടു) എന്റമ്മച്ചീ! എന്റെറ കാര്യം നോക്കേണ്ട....ഞാൻ വലേച്ചിയോടാ പറഞ്ഞതു്.

മേരി: ഇവക്കെടുത്തു കൊടുക്കാണെങ്കിൽ എനിയ്ക്കു "എക്കിരാസ്സാ" കട്ടിംഗിലുള്ള കുറച്ചു ബ്ലൗസ് പീസും വേണം.

ലില്ലി: [സഹിയ്ക്കുതെ വന്നപ്പോറാ നിങ്ങളൊക്കെകൂടി ഇങ്ങനെ ബുദ്ധിമുട്ടിയ്ക്കുതെ....

സൂസി: (നിസാരത്തിൽ] എന്തു ബുദ്ധിമുട്ടു്? ഞാൻ പറഞ്ഞതു് എനിയ്ക്കുട്ടത്തരണം ചേച്ചീ!

മേരി: ഞാൻ പറഞ്ഞതു് എനിക്കും.

സൂസി: (ക്ഷമകെട്ടപ്പോഴുണ്ടായ അമർഷത്തോടെ) ആ ഹെഡ്മാസ്റ്റർ എന്തു മനുഷ്യനാ? ഇതുവരെയായിട്ടും രൂപ കൊടുത്തയയ്ക്കുന്നാ നോക്കു്!

മേരി: ഒരു കാര്യം പെയ്യും ചേച്ചീ! നുക്കു് ഷോപ്പിങ്ങിനിറങ്ങും....പോകുന്ന വഴിക്കു് രൂപയും വാങ്ങിച്ചുപോകുമല്ലോ.

സൂസി: അതു് നല്ലപ്പാനാ....

മേരി: (ഒരു വശത്തേയ്ക്കു നോക്കുമ്പോൾ ആരോ വരുന്നതായി കണ്ട) അതാ വരുന്നു ഹെഡ്മാസ്റ്ററുടെ മകൻ! ഇങ്ങുവേഗം കൊണ്ടുവാ കൊച്ചേ!

(കോംക്കേണ്ട ക്ഷണം സൂസി പുറത്തേക്കോടി. അധികം വൈകിയില്ല; അരയും പത്തിന്റെറ നോട്ടു് വലിയ ഗമയോടെ മറിച്ചുനോക്കിക്കൊണ്ടുവരുന്നു. കൂടെ ദെയ്വത്തും. രൂപയും എഴുത്തും വല്യേച്ചിയെ ഏല്പിച്ചു. അനുജത്തിമാരുടെ ആഹ്ലാദത്തിനതിരില്ലായിരുന്നു.

തിക്കരുതു്.

സൂസി: [ജയിക്കുന്ന കണ്ണുനീരോടെ] ജയിക്കട്ടെ!! ജയിക്കട്ടെ!! ജയിക്കട്ടെ!!!

മേരി: കൂസിക്കുട്ടീ! കൂസിക്കുട്ടീ!! കൂസിക്കുട്ടീ!!!

ലില്ലി. (കുമനഃപ്പൂർവ്വമല്ലാതെ മിടുക്കിയായി തീർക്കേ! എന്തായാലും ഇനിയുള്ള രോഗ്യമാ.....സൂസി. തിരുമ്പിപ്പോയി പഠിക്കുട്ടെ. മറ്റൊരുവസരമുണ്ടാക്കട്ടെ. എന്റെ കയ്യിൽ രൂപ ചൊന്നമില്ലെന്നു് നിങ്ങൾക്കറിയാമല്ലൊ! മൂന്നുപാട്ടം കടമുണ്ടു്. ഇന്നു ഹെഡ്മാസ്റ്ററോടു് അമ്പതു രൂപാ ചോദിച്ചു. അദ്ദേഹം വൈകിട്ടു് തരാമെന്നും പറഞ്ഞു.

മേരി: [രൂപയുടെ കാര്യം കേട്ടപ്പോൾ സന്തോഷം അവണ്ണനീയമായി] എനിയ്ക്കിന്നു Airtex സാരി വാങ്ങിച്ചുതരണം. ഇനി പൈസ വരുമ്പോ വാങ്ങിച്ചുതരാമെന്നു് പറഞ്ഞതല്ലേ?....!

സൂസി: [ഇച്ഛഭംഗത്തിൽ തന്റെറ പ്രശ്നവും അവതരിപ്പിച്ചു.] ചേച്ചീ! എന്റെറ സാരികാര്യക്കൊന്നും ഫാഷൻ പോരാ.... എനിക്കൊരു ഡെക്രോൺ സാരി വാങ്ങിച്ചുതരണം!!

മേരി: അതിനു നിനക്കൊരു ചിക്കൻപോയിൽസാരിയുണ്ടല്ലോ! അതുമതി!!

സൂസി: അക്കാര്യം നീ അനുഷ്ഠിക്കണ്ട. ക

കൊട്ടിയൂരിലെ കുടിയിറക്ക് ശ്രമങ്ങളെ എതിർത്ത് തോല്പിക്കുക

കർഷക യൂണിയൻ കേന്ദ്രക്കമ്മറ്റിയുടെ ആഹ്വാനം

കുടിയിറക്ക് താല്ക്കാലികമായി സ്റ്റേ ചെയ്തതിൽ കേരളാഗവണ്മെന്റിന് കർഷകയൂണിയന്റെ അനുമോദനം

എറണാകുളം, ഏ. 29

കൊട്ടിയൂരിലെ ദേവസ്വം എൻ. ഏസ്. എസ്. നേതൃത്വം സർക്കാർ സഹായത്തോടെ കുടിയേറ്റക്കാരെ ഇറക്കിവിടാൻ നടത്തുന്ന പരിശ്രമങ്ങളെ എതിർത്ത് തോല്പിക്കണമെന്നും മലനാട് കർഷകയൂണിയൻ അംഗീകരിച്ച ഒരു പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

ഇതു സംബന്ധിച്ച് ഗവർമ്മെന്റിന് ഒരു മെമ്മോറാണ്ടം സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.

കേരളത്തിലെ കുടിയിറക്കുകളെല്ലാം താല്ക്കാലികമായി സ്റ്റേ ചെയ്തതിൽ ഗവണ്മെന്റിനോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്ന ഒരു പ്രമേയം യോഗം അംഗീകരിച്ചു.

കേന്ദ്രകമ്മിറ്റിയുടെ ഈ യോഗം തൊടുപുഴ താലൂക്കാഫീസിൽവെച്ചാണ് ചേർന്നത്. ഇനിയൊരു കുടിയിറക്കത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി വസ്തുക്കളുടെ കൈവശസ്വഭാവം, പ്രതീതികാംക്ഷവേണ്ടിക്കുടിയിറക്കുമ്പോൾ ദേഹണ്ഡക്കാർക്ക് നൽകേണ്ട നഷ്ടപരിഹാരം മുതലായവയെപ്പറ്റി തെളിവെടുപ്പ് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു ഹൈവേൽ കമ്മിറ്റിയെ നിയമിക്കുവാൻ ഗവണ്മെന്റിനോടു മെമ്മോറാണ്ടം സമർപ്പിക്കണമെന്നും യോഗം തീരുമാനിച്ചു.

കേന്ദ്രക്കമ്മിറ്റി വ്യാഴം മെയ് 8-നു പാലായിൽവച്ചു കൂടുന്നതാണ്.

.....

ഇന്ത്യാ-ചൈന തർക്കത്തിൽ മദ്ധ്യസ്ഥം വഹിക്കാമെന്ന് മാനിലാ

[റോയിട്ടർ] മാനിലാ, ഏ 30

ഇന്ത്യയും, പാക്കിസ്ഥാനും തമ്മിലുള്ള അന്തർദ്ദേശത്തിൽ, ഇന്തോചൈനാ പ്രശ്നങ്ങൾ ക്ഷണിക്കുകയാണെങ്കിൽ, മദ്ധ്യസ്ഥനാവാൻ വഹിക്കുവാൻ ഫിലിപ്പൈൻസ് തയ്യാറാണെന്ന് വിദേശകാര്യസിക്രട്ടറി മേരി ഹെൻഡ്രസ് ഇന്ന് പ്രസ്താവിച്ചു.

ഈ തർക്കത്തിൽ മദ്ധ്യസ്ഥം വഹിക്കുന്നതിനു ക്ഷണിക്കപ്പെടുകയാണെങ്കിൽ ഫിലിപ്പൈൻസ് അതിനെപ്പറ്റി ഗൗരവമായി പരിഗണിക്കുമെന്നും, ഈ കാര്യത്തിൽ കഴിയുന്ന സഹായം ചെയ്യുവാൻ ഫിലിപ്പൈൻസ് ഒരുക്കമാണെന്നും അദ്ദേഹം പറഞ്ഞു.

.....

ബാറ്റ്മിന്റൺ ടൂർണ്ണമെന്റ്

മാറാം, ഏ. 29

മാറാം സ്പിരിറ്റഡ് യൂത്ത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾഗ്രൗണ്ടിൽവെച്ച് നടത്തിവരുന്ന 'സി ഐ ചാക്കണ്ണി ഫോർ' ക്കവേണ്ടിയുള്ള മത്സരങ്ങളിൽ കോസ്മോ സ്പോർട്സ്സ് ടീം [വടക്കാഞ്ചേരി] സ്പോർട്സസ് ടീം [തൈക്കാട്ട്]നേയും, പേസ്റ്റ് ക്ലബ്ബ് [പഴുവായ്] സ്പിരിറ്റഡ് യൂത്ത്സ് ബി ടീമി [മാറാം]നെയും സ്പിരിറ്റഡ് യൂത്ത്സ് എ ടീം (മാറാം) കെ. പി. എ. സി. [നന്മിയിക്കാട്ട്] യേയും, അബുബക്കർ ആൻറ് പാർട്ടനർ [അങ്ങാടിത്താഴം]ഫ്രണ്ട്സ് ക്ലബ്ബി (കന്നംകുളം)നേയും പരാജയപ്പെടുത്തിയിരിക്കുന്നു. ഫൈനൽ മത്സരം മേയ് 3-ാംതിയ്യതി തിങ്കളാഴ്ച നടക്കുന്നതാണ്.

——

തീവണ്ടിക്കു മുമ്പിൽ ചാടി മരിച്ചു

[സ്വ ലേ] അങ്കമാലി, ഏ 29

അലുവാ സ്വദേശിയായ ബാലകൃഷ്ണൻ നായർ, എന്നൊരാൾ അങ്കമാലി മാവർ ബ്രിഡ്ജിന് സമീപം വച്ച് ഇന്നലെ ഉച്ചതിരിഞ്ഞ് ഒരുമണിക്ക് എറണാകുളത്തേക്ക് പോവുകയായിരുന്ന പാസഞ്ചർട്രെയിനിന്റെ മുൻവശം ചാടി ആത്മഹത്യ ചെയ്തിരിക്കുന്നു. ജീവിതനൈരാശ്യമാണ് ഈ സാഹസകൃത്യത്തിന് അയാളെ പ്രേരിപ്പിച്ചതെന്ന് പറയപ്പെടുന്നു. മൃതദേഹം ഇന്നാട്ടിലെ ബന്ധുമിത്രാദികൾ വന്നുകൊണ്ടുപോവുകയും ചെയ്തു.

.....

പ്രായാധിപ്യമുള്ള കത്തു്

ഹോട്ടലുകാരും അടച്ചിടേണ്ടി വരും

സർ,

തിരുവനന്തപുരം നഗരത്തിലെ ഹോട്ടലുടമകൾക്ക് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങളിൽ ചിലതു് താഴെ കുറിക്കുകയാണ്. കേരളത്തിൽ ഭക്ഷ്യനിയന്ത്രണം ഏർപ്പെടുത്തിയ കാലം മുതൽ ഹോട്ടലുകാർക്ക് ആവശ്യമുള്ള അരി കിട്ടാതെ കഷ്ടപ്പെടുകയാണ്. എന്നാൽ കഴിഞ്ഞ 15-ാം തിയതി ഒരു പുതിയ ഉത്തരവ് കൂടി ഉണ്ടാക്കി ഹോട്ടലുകാർക്ക് അരി കൊടുക്കണമെന്നു പുതിയ കാർഡ് ബാധിയെങ്കിൽ മാത്രം അരി കൊടുത്താൽ മതിയെന്നുംവന്നാൽ പുതിയ ഉത്തരവിൻ പ്രകാരം ഒരു ഹോട്ടലിന് ഒരു ദിവസം 2 Kgs അരിമുതൽ 15 Kgs വരെ കിട്ടുന്ന ഹോട്ടലുകാർ ഇന്ന് തിരുവനന്തപുരം പട്ടണത്തിൽ ഉണ്ട്. അതിൽ തന്നെ 2 Kgs മുതൽ ഒരു ഹോട്ടലിന് ഒരു കിലോ പച്ചരിയും ഒരു കിലോ പുഴുക്കലരിയുമാണ്. ഇതിൻകീഴ്പ്പെട്ട ഹോട്ടലുകാർ ഇന്ന് ബ്ലാക്ക് മാർക്കറ്റിൽ ഒരു ഇടങ്ങഴി അരിക്ക് 2 രൂപാവരെ കൊടുത്തു വാങ്ങിക്കയാണ്. അതുപോലെ തന്നെ മറ്റു സാധനങ്ങളുടെയും വില, ഇതു കൂടാൻ വില കൊടുത്തു് അരിയും മറ്റ് സാധനങ്ങളും വാങ്ങി കച്ചവടം നടത്താൻ സാധ്യമല്ലാത്ത ഒരു പരിതസ്ഥിതിയിലാണ് ഇന്ന് സംജാതമായിരിക്കുന്നത് എന്നാൽ ഈ രൂപത്തിൽ തന്നെ അരി കിട്ടണമെങ്കിൽ ഒരു ഊണിന് 80 ഗ്രാം അരിയുടെ ചോറേ കൊടുക്കാവു എന്നും അതു അനുസരിച്ചുള്ള കണക്ക് ദിവസവും എഴുതിസൂക്ഷിക്കണം എന്നും മാറാം ആവശ്യപ്പെടിരിക്കുകയാണ് അതായതു് 80 ഗ്രാം അരിയുടെ ചോറ് എന്ന പറയുന്നതു് ഉദ്ദേശം 4 ഉരുളചോറ് എന്നു കണക്കാക്കാം.


ഓരോ ആഴ്ചയും റേഷൻ വാങ്ങുമ്പോൾ എത്രപേർ ഊണ് കഴിച്ചു അതിന്റെ ബാക്കി എത്ര സ്റ്റോക്കുണ്ടെന്നും ഉള്ള കണക്ക് അധികൃതരുടെ പരിശോധനയ്ക്കു വിധേയമാക്കണം എന്നാൽ ഇന്നത്തെ റേഷൻ സാധാരണരീതിയിൽ ഒരു ഹോട്ടലിന് ആഴ്ചയിൽ രണ്ടു ദിവസത്തേക്കുമാത്രമേ തികയുകയില്ല. ഇതു് വഞ്ചനയിലും സൈക്യരിറിയും എഴുതിമേൽ വേണ്ടിയിരിക്കുന്നു.

ഈ വൈഷമ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഹോട്ടൽ അസോസിയേഷൻ പ്രതിനിധികളും റേഷൻ അധികാരികളേയും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരേയും കണ്ടു നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണ് എന്നാൽ ഭാഗ്യദോഷം എന്നു പറയട്ടെ അനുകൂലമായ ഒരു മനോഭാവം അവരിൽ കാണാൻ കഴിഞ്ഞിട്ടില്ല. ഗവണ്മെണ്ട് ഇപ്പോഴത്തെ ഈ തീരുമാനം അടിയന്തിരമായി പുനഃപരിശോധിച്ചു് ഹോട്ടലുകാരുടെ ഈ ദുരവസ്ഥ പരിഹരിക്കുമെന്നു് ഞങ്ങൾ ആശിക്കുന്നു.

ഹോട്ടൽ അസോസിയേഷൻ

....

20-ാം ചരമവാർഷികദിനം



കാലംചെയ്ത മാർ തിമോഥിയൂസ്

കൽദായ സുറിയാനിക്കാരുടെ മെത്രാപ്പോലീത്ത.

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ.] ഏപ്രിൽ 30

നഗരസഭായോഗം

തൃശ്ശിവപേരൂർ നഗരസഭയുടെ മേയ് മാസത്തെ സ്റ്റാറ്റുട്ടറിയോഗം 1965 മേയ് 3-ാംനു തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് കൗൺസിൽഹാളിൽവച്ചു കൂടുന്നതാണ്.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സ്

മോഡൽ ബോയ്സ് ഹൈസ്കൂളിൽ '65-66 അദ്ധ്യയനവർഷത്തിൽ 5-ാം സ്റ്റാൻഡേർഡു ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനു ആഗ്രഹിക്കുന്ന രക്ഷിതാക്കന്മാർ വിദ്യാർത്ഥികളുടെ പേർ സ്കൂളിൽ രജിസ്റ്റർ ചെയ്യേണ്ടതും 1965 മേയ് 14-ാംനു വെള്ളിയാഴ്ച രാവിലെ പത്തു മണിക്ക് സ്കൂളിൽവെച്ചു നടത്തുന്ന ഒരു ടെസ്റ്റിനു അവരെ ഹാജരാക്കേണ്ടതുമാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥലം അനുവദിക്കുന്നിടത്തോളം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതായിരിക്കും.

തൃശ്ശൂർ ജില്ലാ വോളീബോൾ

തൃശ്ശൂർ ജില്ലാ വോളീബോൾ അസോസിയേഷൻ ഭാരവാഹികളുടെയും അനുഭാവികളുടെയും ഒരു യോഗം മെയ് മാസം 2-ാം തീയതി കാലത്തു് പത്തരമണിക്ക് തൃശ്ശൂർ അസ്സാസിഡർ ഹോട്ടലിൽവച്ചു് ചേരുന്നതാണെന്ന് അസോസിയേഷൻ പ്രസിഡണ്ടു് അറിയിക്കുന്നു.

ഇൻഫർമേഷൻ ആഫീസർ

തൃശ്ശൂർ ജില്ലാ ഇൻഫർമേഷൻ ആഫീസർ ശ്രീ ടി. എൻ. ജയദേവൻ മേയ് ഒന്നാംതീയതി മുതൽ 31 ദിവസത്തെ അവധിയിൽ പ്രവേശിച്ചിരിക്കുന്നു. അസിസ്റ്റൻഡ് ഇൻഫർമേഷൻ ആഫീസർ ശ്രീ പി. എസ്. ഗംഗാധരൻ ഒരുമാസത്തേയ്ക്കു ജില്ലാ ഇൻഫർമേഷൻ ആഫീസറുടെ ചുമതലകൂടി വഹിക്കുന്നതായിരിക്കും.

വിവാഹങ്ങൾ

സുജാത-സുകുമാരൻ

പുത്തൂർ, ഏ. 29

സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയിലെ ഒരു സജീവ പ്രവർത്തകനും പുത്തൂർ പഞ്ചായത്ത് ഗ്രാമസന്നദ്ധസേനയുടെ ട്രേപതിയുമായ പൊറെക്കോട്ട് ശങ്കുണ്ണിയുടെ മകൻ സുജാത [പി. യു.]യും ഇന്ത്യൻ ആർമിയിൽ സിഗ്നൽസിലെ ഒരു ഉദ്യോഗസ്ഥനുമായ മാമ്പുള്ളി സുകുമാരനും (കണ്ടശ്ശാംകടവ്) തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവെച്ച് നടന്നിരിക്കുന്നു.

തിരു. ഏ. 28

കുസുമം-രവീന്ദ്രനാഥൻനായർ

തിരുവനന്തപുരത്തെ പൗരനുവും പ്രശസ്തവുമായ കയ്യാലഭവനിൽ ശ്രീ. എം പരമേശ്വരൻ നായരുടെ പുത്രി കുസുമവും കൊഞ്ചറവിള ഉഷാവിതരിൽ ശ്രീ ശിവശങ്കരൻനായരുടെ പുത്രൻ രവീന്ദ്രനാഥൻനായരും തമ്മിലുള്ള വിവാഹം ഇന്നു നടന്നിരിക്കുന്നു.

— .....

നവപൂജാർപ്പണവും വാർഷികവും

വല്ലച്ചിറ ഏ. 28

വല്ലച്ചിറ പള്ളിയിലെ വിൻസെന്റ് ഡിപോൾ, സൊഡാലിറ്റി എന്നിവയുടെ 13-ാം വാഷികവും റവ. ഫാ. ജോസഫ് പാറക്കൽ എസ്. ജെ. യ്ക്കു സ്വീകരണവും വല്ലച്ചിറ പള്ളിപരിസരത്തു് പ്രത്യേകം സജ്ജമാക്കിയിരുന്ന സെൻറ് തോമസ് നഗറിൽവെച്ചു് ആഘോഷിച്ചിരിക്കുന്നു. യോഗത്തിൽ റവ. ഫാ. ജി. മത്തളി, ജോസ് നീലങ്കാവിൽ തുടങ്ങിയവർ പ്രസംഗിച്ചു. നവവൈദികനു് ഇടവകാംഗങ്ങളുടെ വക ഒരു മംഗളപത്രവും നൽകി. നവവൈദികൻ റവ. ഫാ. ജോസഫ് എസ്. ജെ. സമുചിതമായി മറുപടി നൽകുകയുണ്ടായി. 'കരുത്ത വെളിച്ചം' എന്ന സംഗീതനാടകവുമുണ്ടായിരുന്നു.

കാലത്തു് പള്ളിയിൽവെച്ചു് നവപൂജാർപ്പണവും അതോടനുബന്ധിച്ചു് ശ്രീ പാറക്കൽ വറീതിന്റെ വസതിയിൽ വെച്ചു് വിവേസമുദായ ഒരു സദ്യയുമുണ്ടായിരുന്നു. (സ്വ ലേ)

—

"ദേവസ്വം പത്രിക" ബഹിഷ്കരിക്കുന്നു

തിരു. ഏ. 28

ഇടക്കാലാശ്വാസം, വർദ്ധിച്ച ഡിയർനസ്സ് അലവൻസ് മുതലായ ആനുകൂല്യങ്ങളും ദേവസ്വം ഡിപ്പാർട്ടുമെന്റിലെ ജീവനക്കാക്കുകൂടി നൽകാത്തതിൽ പ്രതിഷേധിച്ച് ദേവസ്വം ആഫീസേഴ്സ് അസോസ്സിയേഷന്റെ ആഹ്വാനപ്രകാരം ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ ഒന്നടങ്കം ദേവസ്വംബോർഡ്സ് പ്രസിദ്ധീകരണമായ ദേവസ്വംപത്രിക മേയ്മാസംമുതൽ ബഹിഷ്കരിക്കാൻതീരുമാനിച്ചിരിക്കുന്നതായി അസ്സോസിയേഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

....

സ്സോസിയേഷൻ പ്രതിനിധികളും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരുമായി മൂന്ന് ദിവസം ചർച്ച ചെയ്തു നടപ്പിൽവരുത്തിയ തീരുമാനങ്ങൾക്ക് വിപരീതമാണ്. പരസ്പരമുള്ള തീരുമാനത്തിനു വിപരീതമായി ഗവണ്മെണ്ട് ഇതേ നിബന്ധനകൾ തുടരുകയാണെങ്കിൽ ഹോട്ടലുകാരുടെ നിലനില്പിനുള്ള പൊതുജനങ്ങളും സർക്കാരും ആഹാരം കിട്ടാതെ കഷ്ടപ്പെടേണ്ടിവരും ഹോട്ടലുകളിൽ ജോലിചെയ്തു് ജീവിക്കുന്ന 50വൽപരം തൊഴിലാളികളും അവരുടെ കുടുംബങ്ങളേയും പട്ടിണിയിൽ കൊണ്ടുചെന്നെത്തിക്കുന്ന ഒരു ഗൗരവാവസ്ഥ വരുത്താതെ ഇരിക്കുന്നതിന് ഹോട്ടൽ അസോസിയേഷൻ പ്രതിനിധികൾ പരിശ്രമിക്കുകയാണ്. ഗവണ്മെണ്ട് വേണ്ട സമയത്തു വേണ്ട രൂപത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ ഹോട്ടലുകൾ അനിശ്ചിതകാലത്തേയ്ക്കു് അടച്ചിടേണ്ടതായി വന്നേക്കും.

അങ്ങനെ വരുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം മുഴുവനും ഗവണ്മെണ്ടിനാണ്" എന്നും ഹോട്ടലുടമകൾക്കാര്യത്തിൽ നിരപരാധികളാണെന്നും പൊതുജനങ്ങളെ നേരത്തേകൂട്ടി വിനയപൂർവം ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

തിരുവനന്തപുരം സെക്രട്ടറി

ഹോട്ടൽ അസോസിയേഷൻ

....

മെക്കോങ്ങ് നദീതടത്തിൽ പൊരിഞ്ഞ യുദ്ധം

(റോയിട്ടർ) സൈഗോൺ ഏ. 30

ദാനാങ്ങിലെ തന്ത്രപ്രധാനമായ അമേരിക്കൻ വ്യോമസങ്കേതത്തിൽനിന്നും 8നാഴിക ദൂരെ വിമാനവിരോധ പീരങ്കികൾ തൊക്കുകൾ വിയറഗ്കോങ്ങുകാർ നിർമ്മിച്ചിരുന്ന ഗ്രഗ്കോട്ട കടവ് തെക്കൻ വിയറഗ്നാം സേന ഇന്നു പിടിച്ചെടുത്തു. മുകളിൽനിന്നും അമേരിക്കൻ വിമാനങ്ങളും ബോമ്പുവർഷം നടത്തിക്കൊണ്ടിരിക്കേ, ഗവണ്മെണ്ടു് സേനകടവ് ഗ്രഗ്തൽനിന്നു് വിയറഗ്കോങ്ങുകളെ പുറത്തുചാടിച്ചു. അതിനുശേഷം ബുൾഡോസർ ഉപയോഗിച്ചു ടെണ്ടുകടവ് നശിപ്പിച്ചു. മൂന്നു് ഗ്രാമങ്ങളിലായി നിർമ്മിക്കപ്പെട്ട ഗ്രഗ്കോലയങ്ങളും ഇൻറലിജൻസ് ഏജൻറുമാരെ കണ്ടുപിടിച്ചുവരുന്നു.

ദാനാങ്ങിൽതന്നെ വരിശോധനനടത്തിയ പോലീസ് ഏഴു വിയറഗ്കോങ്ങ് ഏജൻറുമാരെ പിടിച്ചു.

സൈഗോണിനു് തെക്കായി മെക്കോങ്ങു നദീതടത്തിൽ തെക്കൻ വിയറഗ്നാം സേനാകളും. വിയറഗ്കോങ്ങുകളും തമ്മിൽ ഒരു പൊരിഞ്ഞ യുദ്ധം നടക്കുന്നതായറിയുന്നു.

—

ഇരട്ടമരണം

[സ്വ. ലേ.] ആനന്ദപുരം ഏ. 30

ഞാറ്റുവേലപ്പാട്ടി കണ്ണിയേലപ്പുറത്തെ ഭാര്യ തങ്ക [25] യും, തങ്കയുടെ അമ്മ വള്ളി [50] യും, തുണിയും പായും ശരീരത്തിൽ കൂട്ടിക്കെട്ടി മണ്ണെണ്ണയൊഴിച്ചു് തീവെച്ചു് മരണപ്പെട്ടനിലയിൽ കാണപ്പെട്ടിരിക്കുന്നു. കാരണമൊന്നും അറിവായിട്ടില്ല.

—

ഗർഭച്ഛിദ്രത്തിനു നിയമസാധുത വരുത്തു് സർക്കാരിനു് ജില്ലാകുടുംബാസൂത്രണ ഉപദേശകസമിതിയുടെ ഉപദേശം

കോഴിക്കോട്ടു്, ഏ 29

കോഴിക്കോട്ടു് ജില്ലാകുടുംബാസൂത്രണോപദേശകസമിതിയുടെ ഒരു യോഗം ഇന്നലെ (ഏപ്രിൽ 28) വൈകുന്നേരം കോഴിക്കോട് ജില്ലാ കളക്ടറേറിൽ വച്ചു് ചേർന്നു് ഗർഭഛിദ്രം നിയമവിധേയമാക്കണമെന്നു് സംബന്ധിച്ച വിവിധ വശങ്ങളും ചർച്ചചെയ്തിരിയ്ക്കുന്നു.

യോഗത്തിൽ കോഴിക്കോട്ടു് അഡീഷണൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ശ്രീ. കെ. ജെ ജോൺ അദ്ധ്യക്ഷം വഹിച്ചു.

ആരോഗ്യപരമായ കാരണങ്ങളിലൊഴികെ ഗർഭഛിദ്രം നടത്തുന്നതിനു് നിയമസാധുത നൽകണമെന്നില്ലെന്നാണ് സമിതിയുടെ പൊതുവായ അഭിപ്രായം.

....

പാക്കിസ്ഥാൻ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ചുവോ? ഇപ്പോഴും അമേരിക്കയ്ക്കു് സംശയം

വാഷിംഗ്ടൺ, ഏ. 30

റാൺ ഓഫ് കച്ചിൽ ഇന്ത്യയ്ക്കെതിരായി യുദ്ധത്തിൽ പാക്കിസ്ഥാൻ അമേരിക്കവിതരണം ചെയ്തിട്ടുള്ള ആയുധങ്ങൾ ഉപയോഗിച്ചുവോ എന്നതിനെപ്പറ്റി ഇപ്പോഴും തീരുമാനിക്കാറായിട്ടില്ലെന്നു് അമേരിക്കൻ ഗവണ്മെണ്ടു് വക്താവു് പറഞ്ഞു.

എന്നാൽ, നിയമപരമായ 'ആത്മരക്ഷയ്ക്കു മാത്രമെ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിക്കാവൂ എന്നു് ഇരുഗവണ്മെണ്ടുകളേയും ആവർത്തിച്ചനുസ്മരിപ്പിക്കുന്നുണ്ടെന്നും ഈ വക്താവു് പ്രസ്താവിച്ചു.

....

പഴവിൽ വി: അന്തോണീസ് പുണ്യവാന്റെ തിരുനാൾ

പഴവിൽ, ഏ. 29

പഴവിൽ വി: അന്തോണീസ് പുണ്യവാന്റെ കപ്പേളയിലെ തിരുനാൾ മേയ് 1, 2 തീയതികളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മേയ് 1-ാംനു ശനിയാഴ്ച ഉച്ചതിരിഞ്ഞു് അഞ്ചരമണിക്ക് പുണ്യവാന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും ലദ്ധ്യം ഉണ്ടായിരിക്കും. ലദ്ധ്യത്തുശേഷം കരിമരുന്നുപ്രയോഗവും നടത്തപ്പെടുന്നതാണ്. 2-ാംനു ഞായറാഴ്ച തിരുക്കർമ്മങ്ങളും മറ്റു ഭക്തകർമ്മങ്ങളും നടത്തപ്പെടും. ലദ്ധ്യത്തുശേഷം കരിമരുന്നുപ്രയോഗവും നടത്തപ്പെടുന്നതാണ്. 2-ാംനു ഞായറാഴ്ച തിരുക്കർമ്മങ്ങളും മറ്റു ഭക്തകർമ്മങ്ങളും നടത്തപ്പെടും.

വെള്ളത്തിൽ വീണു് മൂതിയടഞ്ഞു

മച്ചാട്ട്, ഏ. 29

വാഴാനി ഇരിപ്പിയ്യിൽ കേശവന്റെ സഹോദരി പാർവതി (17) ഇന്നു് കാലത്തു് വാഴാനി തോട്ടിൽ വീണു് മൂതിയടഞ്ഞിരിക്കുന്നു.

പാർവതി ഡാമിന്റെ താഴെയുള്ള തോട്ടിൽ കുളിച്ചുകൊണ്ടിരിക്കുമ്പോൾ അപസ്മാരം ഇളകുകയും അതിനെ തുടർന്നു് മുങ്ങിമരിക്കുകയുമാണത്രെ ഉണ്ടായതു്. [സ്വ. ലേ]

"....കുന്നിനുമീതെ പറക്കാൻ മോഹം"

വടൂർ, ഏ. 28

ശ്രീ. പട്ടം താണുപിള്ളയെപ്പോലെ പാറമെകിൽ ഒരു ഗവണ്മെണ്ടിനെ ആയാൽ കൊള്ളാമെന്നു് തനിക്കാഗ്രഹമുണ്ടെന്നും പക്ഷേ അതു പാറയെ ലക്ഷണമില്ലെന്നും ഒരു പഞ്ചു രാഷ്ട്രീയക്കാരനായാൽ പാറായേയ്ക്കുമെന്നും ശ്രീ. മന്നത്തു് പത്മനാഭൻ പ്രസ്താവിച്ചിരിക്കുന്നു. ആരേയും ഇന്നിയും ആക്ഷേപിക്കാതെയും എതിർക്കാതെയും ജീവിതശിഷ്ടം കഴിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും ശ്രീ. മന്നം കൂട്ടിച്ചേർത്തു.

വ്യാഴൻ എൻ. എസ്. എസ്. വിദ്യാധിരാജ കോളേജിന്റെ ശിലാസ്ഥാപനകർമ്മവേളയിൽ ആശംസാപ്രസംഗം നടത്തുകയായിരുന്നു ശ്രീ. മന്നം. (കേരളകൗമുദി)

....

എങ്ങണ്ടിയ�ൂർ വെൽഫെയർ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു

ചാവക്കാട്ട്, ഏ. 30

ചാവക്കാട് താലൂക്കിലെ എങ്ങണ്ടിയൂർ ഹരിജൻ വെൽഫെയർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്നതിനു് വിദ്യാർത്ഥികളിൽനിന്നുള്ള അപേക്ഷകൾ മേയ് 20-ാം തിയതിക്കു മുൻപ് താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർക്ക കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണെന്നു് ജില്ലാ വെൽഫെയർ ആഫീസറുടെ കരിയിപ്പിൽ പറയുന്നു. ഹോസ്റ്റലിൽ ആകെയുള്ള സീറ്റുകളുടെ 90 ശതമാനം പട്ടികജാതിക്കാക്കും 10 ശതമാനം മറ്റു പിന്നോക്കസമുദായക്കാക്കുമാണ് നൽകപ്പെടുക. ഇപ്പോൾപഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെപ്രധാനഅദ്ധ്യാപകൻ വഴി മാക്ക് ലിസ്റ്റ്, സമുദായ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പ്രവേശനത്തിനു് അപേക്ഷിക്കേണ്ടതാണു് കഴിഞ്ഞവർഷം ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും അപേക്ഷയോടൊന്നിച്ചു് വരുമാന സർട്ടിഫിക്കറ്റ് അയക്കേണ്ടതാണ്. അപേക്ഷ അയക്കുന്നതിനുള്ള മാതൃകാ ഫാറം താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർ ആഫീസിൽനിന്നോ ജില്ലാ വെൽഫെയർ ആഫീസിൽനിന്നോ ലഭിക്കുന്നതായിരിക്കും.

.....

പുറക്കാട്ട് കടലാക്രമണം കപ്പലിൽനിന്നും അരിയിറക്കാൻ കഴിയുന്നില്ല

ആലപ്പുഴ, ഏ. 28

പുറക്കാട്ടുഭാഗത്തു് ഒരുമൈൽ നീളത്തിൽ കടലാക്രമണം ആരംഭിച്ചിരിക്കുന്നു. അതുമൂലം അതിശക്തമത്തല്ലാതിരുന്നിട്ടും മുപ്പതോളം തെങ്ങുകൾ ഇതിനകം മറിഞ്ഞുവീണിട്ടുണ്ട്. ഇവിടെ കടൽഭിത്തി കെട്ടുന്ന ജോലിയും ആരംഭിച്ചിട്ടുണ്ട്.

കടൽക്ഷോഭംമൂലം ആലപ്പുഴയുമുള്ള കയറ്റിറക്ക നിർത്തിവച്ചിരിക്കുന്നു. ഇവിടെ അടുത്തിരുന്ന ജലമായ എന്ന കപ്പലിൽനിന്നും ഇനിയും 2200 പാക്ക ബാഗ്സായരി ഇറക്കാനുണ്ടെന്നാറിയുന്നു.

....

പഴവിൽ വി: അന്തോണീസ് പുണ്യവാന്റെ തിരുനാൾ

പഴവിൽ, ഏ. 29

പഴവിൽ വി: അന്തോണീസ് പുണ്യവാന്റെ കപ്പേളയിലെ തിരുനാൾ മേയ് 1, 2 തീയതികളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മേയ് 1-ാംനു ശനിയാഴ്ച ഉച്ചതിരിഞ്ഞു് അഞ്ചരമണിക്ക് പുണ്യവാന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും ലദ്ധ്യം ഉണ്ടായിരിക്കും. ലദ്ധ്യത്തുശേഷം കരിമരുന്നുപ്രയോഗവും നടത്തപ്പെടുന്നതാണ്. 2-ാംനു ഞായറാഴ്ച തിരുക്കർമ്മങ്ങളും മറ്റു ഭക്തകർമ്മങ്ങളും നടത്തപ്പെടും.

വിരുതന്മാർ അറസ്റ്റിൽ

കോഴിക്കോട്ട്, ഏ. 29

കവൈത്തിലേക്ക ഉരുവിൽ കയറി അയക്കാമെന്നുപറഞ്ഞ വിശ്വസിപ്പിച്ചു ഷെക്കലശ്ശേരി അംശക്കാരനായ മൂസ എന്നാളിൽനിന്നും 450 ക ചതിയായി വാങ്ങിയതിനു നഗരശേ നെടുക്കണ്ടിപറമ്പിൽ മൂസ്സ എം. സബ്ജാൻ എന്നിവരുടെപേരിൽ ടൌൺപോലീസ്സ് ഒരു വഞ്ചനക്കേസ്സ് റജിസ്റ്റ്രർചെയ്തിരിക്കുന്നു. മേൽപറഞ്ഞ രണ്ടുപേരെയും പോലീസ് അറസ്റ്റ്ചെയ്തു റിമാണ്ടിലായച്ചു.

തൃശ്ശൂർ ജില്ലയിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം 6,23,403 രൂപാ ചിലവഴിച്ചു

തൃശ്ശൂർ, ഏപ്രിൽ 29

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ 6,23,403 രൂപാ ചിലവഴിക്കുകയുണ്ടായി. അതിൽ 70,783 രൂപാ മൃഗസൂത്രികാംക്കും, ഡിസ്പെൻസറികൾക്കും, 41,307 രൂപാ ഗ്രാമസേവന പദ്ധതിക്കും, 30,932 രൂപാ സെൻട്രൽ ഫാമുകൾക്കും 27,295 രൂപാ ഉദ്യോഗസ്ഥ പരിശീലനത്തിനും, 8,747 രൂപാ പന്നി വളർത്തലിനുവേണ്ടി വിനിയോഗിച്ചു. മാറ്റ വിവിധ ഇനങ്ങളിലായുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി 3,95,516

തൊഴിലാളി - TRICHUR 2-5-1965 സൺഡേ സപ്ലിമെന്റ്

നോവൽ

മുല്ലപ്പന്ത൯

ജോയി മട്ടാർ

(അദ്ധ്യായം നാല്)

കുടുംബസമാധാനത്തിന്റെ പൊൻവിളക്കണഞ്ഞിട്ട് ആഴ്ചകളായി. കോപത്തിന്റെ തീപ്പൊരിചിതറുന്ന മുഖവുമായി കഴിഞ്ഞുകൂടുകയാണ് അച്ചാമ്മ. ലിസ്സമ്മയെ കോളജിൽ ചേർത്തതിൽ ആ സ്ത്രീക്ക് കടുത്ത അമർഷമുണ്ട്. അവൾക്കവേണ്ടി ആണ്ടിൽ ആയിരം രൂപയെങ്കിലും ചെലവാകും. അവളുടെ പഠനം നിറുത്തണം. അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചായി ആ തള്ളയുടെ ചിന്ത.

കോളേജിലെ പഠനം പൂർത്തിയായി കഴിയുമ്പോൾ, അതിനടയ്ക്കായി ഒരു നല്ല യുവകർഷകനെ കണ്ടുപിടിക്കണം. കുടുംബാവകാശമായി ഒരു നല്ല യുക ഉണ്ടാക്കേണ്ടിവരും. പിന്നീട് അതിനടത്ത പ്രാരാബ്ധങ്ങൾ എന്തു സംഭവിച്ചാലും ശരി; അവളുടെ പഠനം അവസാനിപ്പിക്കണം. കടിലത നിറഞ്ഞ ഹൃയത്തിൽ അസൂയ അതിന്റെ പതി വിരിച്ചു

കപടതയുടെ പ്രതിരൂപമാണ് സ്വാൻ. അളിയനോട് വാങ്ങിയ തുകയിൽ പകുതിയോളം ഒളിച്ചുവിരിക്കയാണവൻ. അഞ്ഞൂറു രൂപയോളം ചിലവായി. ശേഷിച്ച രൂപാ തിരിച്ചേൽപ്പിക്കാൻ തീരുമാനിച്ചു; അയ്യായിരം രൂപയും വെള്ളത്തിലായെന്ന്. കപടതയിൽ കുതിർത്ത ഭംഗിവാക്കുകളെകൊണ്ട് അവൻ ഓരോന്നും വിവരിച്ചു. ക്ഷമാപണത്തോടുകൂടി മടിയിൽനിന്ന് ഒരു കടലാസുപൊതിയെടുത്തു അളിയനെ ഏല്പിച്ചു.

'ബാക്കി ഒരു മാസത്തിനകം തരാം—'

'എത്രയൊണ്ടു—?'

'മണ്ടായിരം'

വേനൽ മൂലം തളർന്ന തേന്മാവിനു പുതുമഴയേറ്റപോലുള്ള ഒരനുഭവം!

'നിന്റെ സൗകര്യംപോലെ—'

'ബാക്കി ഒരുമാസത്തിനകംതരാം—'

ആ തുകയുമായി താലൂക്കാപ്പീസിലേക്ക പോകുവാൻ ചാണ്ടിക്കുഞ്ഞു തയ്യാറായി ആ കഷ്ടകാലന്റെ ഹൃദയത്തിൽ പ്രതീക്ഷ പിന്നെയും പാലൊളിവീശി. കെട്ടുവള്ളം കൊണ്ടുവരാൻ സാധിച്ചിരുന്നെങ്കിൽ! അതിന്റെ കൂലികൊണ്ടു ലിസ്സമ്മയുടെ പഠനച്ചെലവു നടത്താം.

കാട്ടുതീയിൽനിന്നു രക്ഷപ്പെട്ട കുട്ടിയാനയെപ്പോലുള്ള അനുഭവം സ്വാൻകുട്ടിക്കുണ്ടായി. പൊന്നുപൂശിയ പ്രതീക്ഷകളെ പിന്നെയും അവന്റെ ഹൃത്തടത്തിൽ മൊട്ടിട്ടു. വിടരാൻ കൊതിക്കുന്ന പൂമൊട്ടുകളെപ്പോലെ അവന്റെ ആഗ്രഹം ഉയർന്നുയർന്നുവരികയാണ്.

ചാണ്ടിക്കുഞ്ഞിനെ പ്രതീക്ഷയുടെ മണിമണ്ഡപത്തിലേക്ക് സ്വാൻ പിന്നെയും നയിച്ചു. ചെറുകിടവ്യവസായത്തിനുവേണ്ടി ഗവൺമെന്റിൽനിന്ന് അയ്യായിരം രൂപാ അനുവദിച്ചിട്ടുണ്ട്. അടുത്തമാസത്തിൽ അതു കിട്ടും. ഫാക്ടറിയുടെ കാര്യത്തിൽ അവൻ വിവരിച്ചു. അടുത്ത കൃഷിയാവശ്യത്തിലേക്ക് ആ പണം വിനിയോഗിക്കാൻ സാധിക്കുമെന്നറിഞ്ഞപ്പോൾ ചാണ്ടിക്കുഞ്ഞിന്റെ ഹൃദയത്തിൽ ഒരു തണുത്ത കാറ്റടിച്ചു.

സ്വാൻകുട്ടിക്ക് ഇരുപത്തിയഞ്ചു വയസ്സ് പ്രായമുണ്ട്. കാട്ടുമനയെപ്പോലുള്ള കരുപ്പ്. മെലിഞ്ഞ ദേഹം. ദീർഘകായൻ. നീണ്ട നാസിക. സോഡാക്കുപ്പിപോലെ ഒട്ടിയ കവിളുകൾ. ഉന്തിയ പല്ലുകൾ—അവന്റെ സാമാന്യരൂപം. മദ്യം കുടിച്ചുപിറപ്പാണ്. അതിനാൽ സ്വതമായ സ്വഭാവവും.

അടുത്ത കാലത്തു ജീവിതത്തിൽ ചില യുവതിയാപാങ്ങൾ വന്നുഭവിച്ചിട്ടുണ്ട്. ചില ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറാൻവേണ്ടി. വിവാഹം....ആ മധുരസ്വപ്നം അവൻ കാണാൻ തുടങ്ങിയിട്ട് വർഷങ്ങളായി. പാവനമായ ആ ബന്ധത്തിന്റെ മുന്തിരിച്ചാറു കുടിക്കുവാൻ അവന്റെ കരം കൊതികൊണ്ടു നിറഞ്ഞിരിക്കുകയാണ്.

ചാണ്ടിക്കുഞ്ഞു പലയിടത്തും ആലോചിച്ചു. ഒന്നും ഒരു നിഗമനത്തിൽ എത്തുന്നില്ല.

അച്ചാമ്മ കാര്യമായി ഭർത്താവിനെ ഉപദേശിക്കുന്നുണ്ട്: കഴിവതും വേഗം ഒന്നുടിപ്പിച്ചുകൊടുക്കണമെന്ന്. കുടുംബജീവിതത്തിൽ പ്രവേശിക്കുമ്പോൾ അവൻ നല്ലവനായിത്തീരുമെന്നാണ് ചേച്ചിയുടെ വാദം.

പോസ്റ്റുപ്യൂൺ ഒരു കത്തെടുത്തുനീട്ടി. ചാണ്ടിക്കുഞ്ഞു അതു പൊട്ടിച്ചു വായിച്ചു. ലിസ്സമ്മയുടെ കത്താണത്. കഴിവതും വേഗം അൻപതുരൂപയെങ്കിലും അയച്ചുകൊടുക്കണം. തന്നെയല്ല; അപ്പച്ചൻ താമസിയാതെ കോളജിൽ ചെല്ലുകയും വേണം, വിവരം ഗ്രഹിച്ചുപ്പോം അച്ചാമ്മയുടെ മുഖം കടന്നൽകുത്തിയതുപോലെ വീർത്തു.

'നിങ്ങളു നിങ്ങടെ കാര്യംനോക്കൂ....'

അച്ചാമ്മ ആക്രോശിച്ചു.

'നീയിങ്ങനെ പിണങ്ങിയാലോ?'

ചാണ്ടിക്കുഞ്ഞു സമാധാനിപ്പിച്ചു.

'അവളൊരുത്തി ഈ കുടുംബം നശിപ്പിക്കും. ഞാനൊന്നും പറയുന്നില്ല. നിങ്ങടെ ഇഷ്ടംപോലായിക്കോ—' കോപിതയായ ആസ്ത്രീ ഒരു ഭ്രാന്തിയെപ്പോലെ എന്തൊക്കെയോ പറഞ്ഞു. ലിസ്സമ്മയുടെ പഠനം അവസാനിപ്പിക്കണം. അതൊന്നാണ് അച്ചാമ്മയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതിനോടനുകൂലിച്ചു സ്വാൻകുട്ടിയും സംസാരിച്ചു. ശോകമൂകമായ ചർച്ച അനുഭവങ്ങളം അവൻ നിരത്തിവെച്ചു. അവളുടെ പഠനം നിറുത്തിയെങ്കിലേ സ്വാന്റെ ആഗ്രഹം അല്പമെങ്കിലും വിജയിക്കൂ.

അപ്പച്ചൻ അനുവദിക്കുന്ന സാമ്പത്തിക പരാധീനത അവരെ അറിയാം. പിതാവിനെ വിമ്മിഷ്ടപ്പെടുത്തുന്നതിനു കൂട്ടുനിൽക്കുവാൻ അവർക്കു ധൈര്യമുണ്ടായിരുന്നില്ല. അപ്പച്ചൻ അനുവദിക്കുന്നതുവരെ കാത്തിരിക്കുവാൻ അവർ തീരുമാനിച്ചു.

മലർവാടിയുടെ മദ്ധ്യത്തിലൂടെ കിടക്കുന്ന ആറടിപ്പാതയിലൂടെ ഒരു ചിത്രശലഭത്തെപ്പോലെ ഗേറ്റിനു സമീപത്തേക്കു നീങ്ങുന്ന പതിനാറുകാരിയെ സ്വാൻ ഇമവെട്ടാതെ നോക്കി.

'ഞാൻ ഒരാളെ അന്വേഷിച്ചു നില്ക്കുകയാ—'

'ആരെയാണ്?'

കപ്പിവള്ളകം കിലുങ്ങുന്നമാതിരിയുള്ള ശബ്ദം.

'ലിസ്സമ്മയെ—'

'ഇവിടെ നില്ക്ക്. ഞാൻ ഉടനെ പറഞ്ഞയയ്ക്കാം—'

മാൻകിടാവിന്റെ പ്രസരിപ്പോടെ അവൾ കോളേജിലേക്കോടുന്നു. യൗവനത്തിന്റെ അന്ധമായ വികാരാവേശത്തോടെ ലിസ്സമ്മയെ കാത്തുനില്ക്കുകയാണവൻ.

വിവരം അറിഞ്ഞപ്പോൾ അവൾ എണീറ്റു പുറത്തിറങ്ങി. അപ്പച്ചനായിരിക്കും. അല്ലെങ്കിൽ പാപ്പച്ചൻ....അവളുടെ ഹൃദയവാടികയിൽ പുളകത്തിന്റെ കൈതപ്പൂവിരിഞ്ഞു. ലിസ്സമ്മയെ കണ്ടു സ്വാൻ അടുത്തുചെന്നു.

'ഞാനാണ്ടലിസ്സമ്മയെ അന്വേഷിച്ചതു—'

തകർന്ന പ്രതീക്ഷകളും

'എന്താണാവശ്യം?'

നിർദ്ദയമായ ചോദ്യം. അവളുടെ അപ്പനെ വേദനയുടെ താഴ്വരയിലിട്ട നരകയാതന അനുഭവിപ്പിക്കുന്ന ആ സുമുഖനായ ദ്രോഹിയോടു് എങ്ങനെ ആത്മാർത്ഥതതോന്നും.

'ലിസ്സമ്മേ! കൊറെ രൂപാ കൊടുത്തു. ബാക്കി ഒരു മാസത്തിനകം കൊടുക്കും.'

'എന്റെ അപ്പച്ചനെ കണ്ണുനീരു കുടിപ്പിച്ചതു് സ്വാൻകുട്ടി ഒറ്റയൊത്തനാ—'

'അങ്ങനെ സംഭവിച്ചുപോയി. അളിയനെയൊന്നു സഹായിക്കാൻ എന്നെക്കൊണ്ടും സാധിക്കും. ചെറുകിടവ്യവസായത്തിനു് ഗവൺമെന്റിൽനിന്നും അയ്യായിരം രൂപാ അനുവദിച്ചിട്ടുണ്ട്. ആ തുക കറെ നാളത്തേക്ക് അളിയനെ ഏല്പിക്കാൻ തീരുമാനിച്ചിരികപാ.'

അവൻ പോക്കറ്റിൽ നിന്നു് പേഴ്സ് എടുത്തു. ലിസ്സമ്മയെ ഏൽപ്പിക്കാൻ അളിയൻ നൂറു രൂപാ തന്നയച്ചിട്ടുണ്ട്.

സ്വാൻ നൂറിന്റെ നോട്ടെടുത്തു ലിസ്സമ്മയുടെ നേരെ നീട്ടി. അവൾ അതു വാങ്ങാൻ മടിച്ചു.

ലിസ്സമ്മ അയച്ചിരുന്ന എഴുത്തുകിട്ടി. ഒരാഴ്ചക്കകം അളിയൻ വരാമെന്നു പറഞ്ഞു. ദേ, രൂപാ....

അവൾ കൈ നീട്ടി

അവൻ ഒന്നു ചിരിച്ചു.

'ലിസ്സമ്മേ—'

'എന്നാ—'

അതുപ്പി അലിഞ്ഞുചേർന്ന സ്വരം.

'ലിസ്സമ്മേ!'

സ്വാൻ ഒന്നുകൂടി മധുരമായി വിളിച്ചു.

'എന്തോന്നാ—'

അവൾ ഗൗരവമായി ഒന്നു നോക്കി.

'ഞാൻ....'

'ങ്ങ്....ഞാൻ....'

അവൾക്കു അരിശംവന്നു. ആ നീലനയനങ്ങൾ ഉപ്പന്റെ കണ്ണുപോലെ ചുവന്നു.

'ഇനി വീട്ടിൽ എന്നെ പോകും'

'ഓണത്തിനെറ അവധിക്കു'

'അന്നു് ഞാൻ വീട്ടിൽ വരാം. നമുക്കു് അല്പം സംസാരിക്കാനൊണ്ടു്'

'എന്തോ സംസാരിക്കാനാ.'

'പൈങ്ങളാതെ—ഞാൻ സ്നേഹിച്ചല്ലേ—'

അവളുടെ അരിശം മുത്തു. തൊണ്ട പതറി. ശരീരം വിറച്ചു. കണ്ണുകളിൽനിന്നു് തീപ്പൊരി ചിതറി.

'സ്നേഹമൊന്നും വേണ്ടാ. അങ്ങു പോയാൽ മതി. ഇവിടെ വന്നു മേലിൽ അനാവശ്യം വല്ലതും പറഞ്ഞുപോയാൽ.'

പ്രേമത്തിന്റെ പല്ലവിയുംപാടി നില്ക്കുന്ന ആ 'സിമ്പിളന്റെ' സമീപത്തു നില്ക്കുന്നതു് അരോചകമായി അവൾക്കു തോന്നി. ആ ശുശ്രൂഷിയില്ലാത്ത ആ മനുഷ്യന്റെ ആശയങ്ങളം തുമ്പുകോടിയിൽ തള്ളിയിട്ടു് അവൾ കോളജിലേക്കു നടന്നു.

അവൾ ഏകാകിയായി മുറിയിലിരിക്കുകയാണു്. വികാരവിചാരവിജൃംഭിതമായ ഹൃദയം അവളെ പഠിക്കുവാനുതകുന്ന ആ സ്ഥാപനം ഒരു തികഞ്ഞ നേട്ടംതന്നെയാണു്.

കേരളത്തിൽനിന്നു പറിച്ചുനട്ട ഒരു കുന്നു്

അടുത്ത ബസ്സുസ്റ്റോപ്പിലെത്തി ഞങ്ങൾ മലബാർ ഹില്ലിലേക്കുള്ള ബസ്സുപിടിച്ചു. ഏറാമിറക്കമില്ലാതെ നിരപ്പായ നഗരറോഡുകളുടെ ഭാവം ഒട്ടൊന്നു മാറി. ചെറുവളവുകളും കയറ്റങ്ങളും പിന്നിട്ടു ബസ്സുനീങ്ങി. കടൽത്തീരത്തുനിന്നുനിൽക്കുന്ന കുന്നിലേക്കു ബസ്സു ഇരമ്പിക്കയറി. അതാണു സുപ്രസിദ്ധമായ മലബാർ ഹിൽ. ആ പേരു മുമ്പു കേട്ടിട്ടില്ലെങ്കിൽത്തന്നെ അവിടെയെത്തുന്ന ഒരു മലയാളിക്കു താൻ കേരളത്തിലാണു് നിൽക്കുന്നതെന്നു തോന്നിപ്പോകും. തെങ്ങും, കുരുമുളകും, മാവും പ്ലാവും കടപ്പുറവും, എന്തിനു നമ്മുടെ നാട്ടിലെ പേഴംവരെ ആ കുന്നിൻ ചരിവിൽ വളരുന്നുണ്ടു്. കടൽത്തീരത്തു നീണ്ടുനിവർന്നുകിടക്കുന്ന കേരളക്കരയിൽനിന്നു സസ്യശ്യാമളമായ ഒരു കുന്നു അപ്പാടെ കുത്തിയെടുത്തു് ആരോ അവിടെ പ്രതിഷ്ഠിച്ചുവെന്നുതോന്നും.

ബസ്സിൽനിന്നു അവിടെയിറങ്ങിയപ്പോൾ ഗാഢമായ ഒരനുഭൂതിയാണു് എന്നിക്കുണ്ടായതു്. മണിമലയാറിന്റെ തീരത്തുള്ള എന്റെ കൊച്ചു ഗ്രാമത്തിലെ കുന്പുപുറത്താണോ ഞാൻ നിൽക്കുക? അവിടവിടെ ഉയർന്നുകാണുന്ന കുറെ കെട്ടിടങ്ങളുണ്ടെങ്കിൽ സംഭവഗതികളെ ഇപ്രകാരം ക്രോഡീകരിക്കും.

ഒരു സന്ദർഭത്തിൽ തന്റെ ദിവ്യപുത്രൻ സ്വർഗ്ഗത്തിലുള്ള എല്ലാവരുടേയും അഗ്രഗണ്യനായി പ്രതിഷ്ഠിക്കപ്പെടുമെന്നു് ദൈവം പ്രഖ്യാപിച്ചു. അഹങ്കാരിയും ധിക്കാരിയുമായിരുന്ന ലൂസിഫർ ഇതിനെ അംഗീകരിക്കുവാൻ തയ്യാറായില്ല. ലൂസിഫറിന്റെ അഹംഭാവമാണു് ഈ ധിക്കാരത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. തനുലൂ അഹംഭാവമാണു് ഏറ്റവും ആദ്യമായി ചെയ്യപ്പെട്ട പാപദോഷം. അഹംഭാവിയായ ലൂസിഫർമാലാഖമാരിൽ മൂന്നിലൊരുഭാഗത്തെ തന്റെ അധീനതയിലേക്ക് ആകർഷിക്കുകയും ദൈവത്തിനെതിരായി ഒരു തുറന്ന സമരത്തിനു് ആഹ്വാനം കൊടുക്കുകയും ചെയ്തു. ഇതിനെതുടർന്നു് ധിക്കാരികളായ മാലാഖമാർ സ്വർഗ്ഗത്തിൽനിന്നു് പുറംതള്ളപ്പെടുകയും ദൈവത്താൽ ശപിക്കപ്പെട്ട രാക്കയും ചെയ്തു.

ഈ സംഭവവികാസത്തെ തുടർന്നു് ലൂസിഫർ സാത്താൻ എന്ന അപരനാമത്തിലാണു് അറിയപ്പെടുന്നതു്. ലൂസിഫറെ തന്നെ അനുകൂലിച്ച മാലാഖമാരെ അങ്ങിനെ പിശാചുക്കളായി രൂപാന്തരം പ്രാപിച്ചു.

അഹങ്കാരം

തനുലം സാത്താന്റെ അഹംഭാവത്തിന്റെ മൂർത്തീകരണമാണു് അദ്ദേഹത്തിന്റെ സ്വഭാവവിശേഷത്തിന്റെ ഏറ്റവും പ്രകടമായ വശം. അഹംഭാവത്തിനു് അകമ്പടിസേവിച്ചുകൊണ്ടു് സ്വേച്ഛാപ്രഭുത്വവും പിന്തുടർന്നു് വരുന്നുണ്ടു്. ദൈവം സാത്താനും അവന്റെ പങ്കാളികൾക്കുമായി നരകം സൃഷ്ടിക്കുകയും അവരെ അതിലേക്ക് തള്ളിവിടുകയുംചെയ്തു.

ദൈവവും സാത്താനുമായിട്ടുള്ള സമരത്തിന്റെ വണ്ണന അത്യന്തം ശ്രദ്ധേയമാകുന്നു. ഏകദേശം മൂന്നുദിവസത്തെ സമരത്തിനുശേഷമാണു് സാത്താൻ പൂണ്ണമായുംദൈവത്തിനു് കീഴടങ്ങിയതു്. കന്നുമത്തദിവസം ദൈവത്തിന്റെ സൈന്യങ്ങൾക്കാണു് സമരത്തിൽ മുന്നേറം ലഭിച്ചതു്. രണ്ടാംദിവസമാകട്ടെ സാത്താന്റെ പക്ഷത്താണു് വിജയമുണ്ടായതു്. മൂന്നാം ദിവസം ദൈവാത്യന്തരമില്ലാതെ തന്റെ ദിവ്യപുത്രന്റെ നേതൃത്വത്തിൽ രഹസ്യമായ ദിവ്യായുധം പ്രയോഗിച്ചു. ഈ രഹസ്യായുധം ഇടിമിന്നലായിരുന്നു. ഇടിമിന്നലിന്റെ പ്രയോഗത്തോടുകൂടി സാത്താനും അവന്റെ അനുയായികളും പൂണ്ടുമായിതീർന്നു. കാരണം ഇടിമിന്നലിനെ ജയിക്കത്തക്ക ആയുധരഹസ്യങ്ങളൊന്നും സാത്താന്റെ കൈവശമില്ലായിരുന്നു. പ്രൊഫഷണൽ യുദ്ധത്തിൽ പരാജയപ്പെട്ടതോടുകൂടി സാത്താന്റെ അടിവേരുകളും ഒരു പിളർപ്പു് പ്രത്യക്ഷപ്പെടുകയും അതുവഴി സാത്താനെയും കൂട്ടാളികളെയും നരകത്തിലേക്ക് തള്ളിയിടുകയുമാണു് മിൽട്ടന്റെ ഭാവനക്കനുസൃതമായി സംഭവിച്ചതു്. സാത്താനെ പൂർണ്ണമായതോടുകൂടി ദൈവത്തിനു് മാലാഖമാരുടെ നേതാവായി അവരോധിക്കപ്പെട്ടു.

നരകം

നരകത്തിന്റെ പടിവാതിൽ ഏകദേശം ഒമ്പതോളം ഭിത്തികളാൽ കൊണ്ടു് നിർമ്മിക്കപ്പെട്ടവയാകുന്നു. ഈ ഭിത്തികളെല്ലാം ഉരുക്കു്, പിച്ചള, അസ്സാമെൻറ് എന്നീ വിശിഷ്ട ലോഹങ്ങൾകൊണ്ടു് നിർമ്മിക്കപ്പെട്ടവയാകുന്നു. സാത്താനും അവന്റെ കൂട്ടാളികളും ഉരുകിയലിക്കുന്ന നിത്യനരകാഗ്നിയുടെ മദ്ധ്യത്തിലേക്കാണു് നിരാലംബരായി തള്ളപ്പെട്ടതു്. അതിൽനിന്നു് ഒരു കാലത്തും രക്ഷപ്പെടുവാൻ അവർക്കു് നിവൃത്തിമില്ലായിരുന്നു.

ഈ ദയനീയാവസ്ഥയുടെ പശ്ചാത്തലം വർണ്ണന അത്യന്തം വർണ്ണനാതീതമാണു്.

'ഷു'വിന്റെ മുകളംതട്ടിൽക്കയറി നിന്നാൽ ബോബെനഗരം മുഴുവനായി കാണാം. പടിഞ്ഞാറുഭാഗത്തു് ആത്തിരമ്പിമറിയുന്ന നീലക്കടലും. അങ്ങിങ്ങു ചിതറിക്കിടക്കുന്ന കൊട്ടിക്കലാണങ്ങളും പൊരുക്കിയെടുക്കുവാൻ ഞാറിവച്ചു നീവപ്പുവാടയണിഞ്ഞ കുട്ടികളും ഓടിയടുക്കുകയും ഉണങ്ങുവീഴുകയും ആണെന്നു തോന്നും ആ തിരമാലകളുടെ 'വെപ്രാളം' കണ്ടാൽ.

ഒരുദിവസം മലബാർഹില്ലിൽ താമസിക്കണമെന്നു് എന്റെ കൂട്ടുകാരൻ എം. ടി. തോമസ് നിർബ്ബന്ധംപിടിച്ചു. പക്ഷേ സാദ്ധ്യമല്ല. ഇ. എം. തോമസിനെ അറിയുമെന്നിക്കു് മാത്രമല്ല സ്നേഹിക്കുകയും ചെയ്യുന്നുണ്ടു്. എനിക്കു് ആരുമണിക്കുമുമ്പു് ഓഫീസിലെത്തുകയും വേണം.

.....

ജോൺ മിൽട്ടൺ

"പറുദീസാനഷ്ടം"ത്തിനൊരു മുഖവുര

നിരാശ ദുർബ്ബല്യത്തിന്റെ ലക്ഷണമാണെന്നു യുക്തിവാദത്തിന്റെ പക്ഷം. ധീരോദാത്തമായ നിലപാടുകൊണ്ടു് നിരാശയെ പരാജയപ്പെടുത്തണമെന്നു് സാത്താൻ വാദിച്ചു

—കെ. ഡി. പോളി—

ആദിമഹാപാപിയും വിലക്കപ്പെട്ട കനി ഭക്ഷിച്ചുമൂലം മനുഷ്യവംശം ഒന്നാകെതന്നെ ദൈവകോപത്തിനു് ഭാഗഭാക്കുകളായിത്തീർന്നു. ക്രൂശുമരണം വീശുന്നുകാരം എല്ലാ മനുഷ്യരും ഉത്ഭവപാപമൂലമാണു് ഭൂമിയിൽ ജനിക്കുന്നതെന്നും ഈ ഉത്ഭവപാപം മാമോദീസ എന്ന കർമ്മം മൂലം പരിഹരിക്കപ്പെടുകയും ചെയ്യുന്നു.

പക്ഷേ ഈ പാപത്തിനെല്ലാം അടിസ്ഥാനപരമായി നിൽക്കുന്നതു് മറ്റൊരു സംഭവഗതിയാണെന്നു മാലാഖമാരിൽ ഏറ്റവും കൂടുതൽ പ്രശോഭിച്ചിരുന്നതു് ലൂസിഫർ എന്ന മാലാഖയായിരുന്നു. മിൽട്ടന്റെ കഥാകഥനത്തെ അടിസ്ഥാനപ്പെടുത്തി പറയുകയാണെങ്കിൽ സംഭവഗതികളെ ഇപ്രകാരം ക്രോഡീകരിക്കാം.

ഒരു സന്ദർഭത്തിൽ തന്റെ ദിവ്യപുത്രൻ സ്വർഗ്ഗത്തിലുള്ള എല്ലാവരുടേയും അഗ്രഗണ്യനായി പ്രതിഷ്ഠിക്കപ്പെടുമെന്നു് ദൈവം പ്രഖ്യാപിച്ചു. അഹങ്കാരിയും ധിക്കാരിയുമായിരുന്ന ലൂസിഫർ ഇതിനെ അംഗീകരിക്കുവാൻ തയ്യാറായില്ല. ലൂസിഫറിന്റെ അഹംഭാവമാണു് ഈ ധിക്കാരത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. തനുലൂ അഹംഭാവമാണു് ഏറ്റവും ആദ്യമായി ചെയ്യപ്പെട്ട പാപദോഷം. അഹംഭാവിയായ ലൂസിഫർമാലാഖമാരിൽ മൂന്നിലൊരുഭാഗത്തെ തന്റെ അധീനതയിലേക്ക് ആകർഷിക്കുകയും ദൈവത്തിനെതിരായി ഒരു തുറന്ന സമരത്തിനു് ആഹ്വാനം കൊടുക്കുകയും ചെയ്തു. ഇതിനെതുടർന്നു് ധിക്കാരികളായ മാലാഖമാർ സ്വർഗ്ഗത്തിൽനിന്നു് പുറംതള്ളപ്പെടുകയും ദൈവത്താൽ ശപിക്കപ്പെട്ട രാക്കയും ചെയ്തു.

ഈ സംഭവവികാസത്തെ തുടർന്നു് ലൂസിഫർ സാത്താൻ എന്ന അപരനാമത്തിലാണു് അറിയപ്പെടുന്നതു്. ലൂസിഫറെ തന്നെ അനുകൂലിച്ച മാലാഖമാരെ അങ്ങിനെ പിശാചുക്കളായി രൂപാന്തരം പ്രാപിച്ചു.

അഹങ്കാരം

തനുലം സാത്താന്റെ അഹംഭാവത്തിന്റെ മൂർത്തീകരണമാണു് അദ്ദേഹത്തിന്റെ സ്വഭാവവിശേഷത്തിന്റെ ഏറ്റവും പ്രകടമായ വശം. അഹംഭാവത്തിനു് അകമ്പടിസേവിച്ചുകൊണ്ടു് സ്വേച്ഛാപ്രഭുത്വവും പിന്തുടർന്നു് വരുന്നുണ്ടു്. ദൈവം സാത്താനും അവന്റെ പങ്കാളികൾക്കുമായി നരകം സൃഷ്ടിക്കുകയും അവരെ അതിലേക്ക് തള്ളിവിടുകയുംചെയ്തു.

ദൈവവും സാത്താനുമായിട്ടുള്ള സമരത്തിന്റെ വണ്ണന അത്യന്തം ശ്രദ്ധേയമാകുന്നു. ഏകദേശം മൂന്നുദിവസത്തെ സമരത്തിനുശേഷമാണു് സാത്താൻ പൂണ്ണമായുംദൈവത്തിനു് കീഴടങ്ങിയതു്. കന്നുമത്തദിവസം ദൈവത്തിന്റെ സൈന്യങ്ങൾക്കാണു് സമരത്തിൽ മുന്നേറം ലഭിച്ചതു്. രണ്ടാംദിവസമാകട്ടെ സാത്താന്റെ പക്ഷത്താണു് വിജയമുണ്ടായതു്. മൂന്നാം ദിവസം ദൈവാത്യന്തരമില്ലാതെ തന്റെ ദിവ്യപുത്രന്റെ നേതൃത്വത്തിൽ രഹസ്യമായ ദിവ്യായുധം പ്രയോഗിച്ചു. ഈ രഹസ്യായുധം ഇടിമിന്നലായിരുന്നു. ഇടിമിന്നലിന്റെ പ്രയോഗത്തോടുകൂടി സാത്താനും അവന്റെ അനുയായികളും പൂണ്ടുമായിതീർന്നു. കാരണം ഇടിമിന്നലിനെ ജയിക്കത്തക്ക ആയുധരഹസ്യങ്ങളൊന്നും സാത്താന്റെ കൈവശമില്ലായിരുന്നു. പ്രൊഫഷണൽ യുദ്ധത്തിൽ പരാജയപ്പെട്ടതോടുകൂടി സാത്താന്റെ അടിവേരുകളും ഒരു പിളർപ്പു് പ്രത്യക്ഷപ്പെടുകയും അതുവഴി സാത്താനെയും കൂട്ടാളികളെയും നരകത്തിലേക്ക് തള്ളിയിടുകയുമാണു് മിൽട്ടന്റെ ഭാവനക്കനുസൃതമായി സംഭവിച്ചതു്. സാത്താനെ പൂർണ്ണമായതോടുകൂടി ദൈവത്തിനു് മാലാഖമാരുടെ നേതാവായി അവരോധിക്കപ്പെട്ടു.

നരകം

നരകത്തിന്റെ പടിവാതിൽ ഏകദേശം ഒമ്പതോളം ഭിത്തികളാൽ കൊണ്ടു് നിർമ്മിക്കപ്പെട്ടവയാകുന്നു. ഈ ഭിത്തികളെല്ലാം ഉരുക്കു്, പിച്ചള, അസ്സാമെൻറ് എന്നീ വിശിഷ്ട ലോഹങ്ങൾകൊണ്ടു് നിർമ്മിക്കപ്പെട്ടവയാകുന്നു. സാത്താനും അവന്റെ കൂട്ടാളികളും ഉരുകിയലിക്കുന്ന നിത്യനരകാഗ്നിയുടെ മദ്ധ്യത്തിലേക്കാണു് നിരാലംബരായി തള്ളപ്പെട്ടതു്. അതിൽനിന്നു് ഒരു കാലത്തും രക്ഷപ്പെടുവാൻ അവർക്കു് നിവൃത്തിമില്ലായിരുന്നു.

ഈ ദയനീയാവസ്ഥയുടെ പശ്ചാത്തലം വർണ്ണന അത്യന്തം വർണ്ണനാതീതമാണു്.

'ഷു'വിന്റെ മുകളംതട്ടിൽക്കയറി നിന്നാൽ ബോബെനഗരം മുഴുവനായി കാണാം. പടിഞ്ഞാറുഭാഗത്തു് ആത്തിരമ്പിമറിയുന്ന നീലക്കടലും. അങ്ങിങ്ങു ചിതറിക്കിടക്കുന്ന കൊട്ടിക്കലാണങ്ങളും പൊരുക്കിയെടുക്കുവാൻ ഞാറിവച്ചു നീവപ്പുവാടയണിഞ്ഞ കുട്ടികളും ഓടിയടുക്കുകയും ഉണങ്ങുവീഴുകയും ആണെന്നു തോന്നും ആ തിരമാലകളുടെ 'വെപ്രാളം' കണ്ടാൽ.

ഒരുദിവസം മലബാർഹില്ലിൽ താമസിക്കണമെന്നു് എന്റെ കൂട്ടുകാരൻ എം. ടി. തോമസ് നിർബ്ബന്ധംപിടിച്ചു. പക്ഷേ സാദ്ധ്യമല്ല. ഇ. എം. തോമസിനെ അറിയുമെന്നിക്കു് മാത്രമല്ല സ്നേഹിക്കുകയും ചെയ്യുന്നുണ്ടു്. എനിക്കു് ആരുമണിക്കുമുമ്പു് ഓഫീസിലെത്തുകയും വേണം.

.....

ശേഷം 4-ംപേജിൽ

ഇൻഡ്യയുടെ പടിവാതിൽ XI

മലബാർ ഹിൽ

കടൽത്തീരത്തു നീണ്ടുനിവർന്നു കിടക്കുന്ന കേരളക്കരയിൽനിന്ന സസ്യശ്യാമളമായ ആ കുന്നു അപ്പാടെ കുത്തിയെടുത്തു് ആരോ അവിടെ പ്രതിഷ്ഠിച്ചുവെന്നുതോന്നും—അല്ലെങ്കിൽ മലബാർ കടൽ കേരളാംബികയിൽനിന്നു പിറന്നുവീണ ഒരു കുഞ്ഞോമനയെ താങ്ങിയെടുത്തു താലോലിച്ചു അവിടെക്കൊണ്ടുപോയി വളർത്തുകയായിരിക്കും.

(മണിമല)

ഞങ്ങൾ നേരെ പോയതു പ്രിൻസ് ഓഫ് വെയിൽസ മ്യൂസിയത്തിലേക്കാണു്. കലാസുന്ദരമായ ഈ മന്ദിരം പണികഴിച്ചതു 1914-ലാണു്. കലാവിജ്ഞാനീയപരമായ ഒരു പുരാവസ്തുഗവേഷണവിഭാഗവും ഇവിടെയുണ്ടു്. അജന്താ, എല്ലോറാ ഗ്രഹകളിലെ ചരിത്രവസ്തുകൾ ഇവിടെക്കാണാൻ കഴിയും. അതീതകാലചരിത്രത്തിന്റെ സൂക്ഷ്മപ്രതീകങ്ങൾ പലതും അവിടെനിന്നു പഠിക്കാനുണ്ടു്. ശില്പകലയും ചിത്രകലയും സംഭാവനചെയ്തിട്ടുള്ള വിലപ്പെട്ട വിഭവങ്ങൾ കലാവിഭാഗത്തിൽ നിരന്നിരിക്കുന്നു. ഓറഞ്ചോട്ടത്തിൽ എല്ലാം കണ്ടുതുകൊണ്ടു കണ്ണുമായില്ല. നിരീക്ഷണശക്തിയും ക്രാന്തദർശിത്വവും അവയെപ്പറ്റി ശരിക്കു പഠിക്കുന്നതിനു കൂടിയേ തീരൂ.

സ്വാതന്ത്ര്യസമരത്തിന്റെ പിള്ളത്തൊട്ടി

മണി മൂന്നു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ചൗപ്പാത്തിലെത്തി. ബോംബേനഗരത്തിന്റെ പടിഞ്ഞാറെത്തുമ്പോൾ കടലിന്റെ വിരിമാറിൽ ചാരിക്കിടക്കുന്ന വിശാലമായ ഒരു മണൽത്തിട്ട. തിരമാലകൾ പതിവായി കഴുകി വെടിപ്പാക്കുന്ന ആ മൈതാനത്തുനിന്നാണു് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം ഉടലെടുത്തതെന്നു പറയാം. ഉപ്പുസത്യഗ്രഹം മുതൽ ക്വിറ്റിൻഡ്യാ പ്രക്ഷോഭണംവരെയുള്

കേരളശബ്ദം

ദിവസേന പ്രസിദ്ധീകരിക്കുന്നു

ഫോൺ: ൨൨൪൫

ടെലിഗ്രാം: "കേരളശബ്ദം"

വരിസംഖ്യ: ഒരു മാസത്തേക്ക് ൫.൫൦ രൂപ, മൂന്നു മാസത്തേക്ക് ൧൬.൫൦ രൂപ, ആറു മാസത്തേക്ക് ൩൨.൫൦ രൂപ, ഒരു വർഷത്തേക്ക് ൬൫.൫൦ രൂപ

പരസ്യനിരക്ക്: ഒരു വരിക്ക് ൫൦ പൈസ, ഒരു കോളത്തിന് ൧൫൦ രൂപ, ഒരു പേജിന് ൨൫൦൦ രൂപ

ഓഫീസ്: കേരളശബ്ദം മന്ദിരം, പ്രസ്സ് ക്ലബ്ബ് റോഡ്, തിരുവനന്തപുരം ൧൪

ഇന്നത്തെ പ്രധാന വാർത്തകൾ

- ഇന്ത്യൻ ഭരണഘടനയുടെ ൨൫-ാം ഭേദഗതി പാർലമെന്റിന്റെ ഇരുസഭകളും പാസാക്കി.
- ഭേദഗതി പ്രകാരം സ്വത്തിന്റെ നഷ്ടപരിഹാരം കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയില്ല.
- ഭേദഗതിക്ക് അനുകൂലമായി ൨൭൪ വോട്ടും പ്രതികൂലമായി ൬൨ വോട്ടും ലഭിച്ചു.
- ഭേദഗതി നിയമമാകാൻ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം.
- ഭേദഗതിയുടെ പകർപ്പുകൾ ഇന്നുതന്നെ രാഷ്ട്രപതിക്ക് സമർപ്പിക്കും.

ഭൂപരിഷ്കരണ ഭേദഗതി പാർലമെന്റ് പാസാക്കി

ന്യൂഡൽഹി, ഡിസംബർ ൨൪: ഇന്ത്യൻ ഭരണഘടനയുടെ ൨൫-ാം ഭേദഗതി പാർലമെന്റിന്റെ ഇരുസഭകളും പാസാക്കി. ഭേദഗതി പ്രകാരം സ്വത്തിന്റെ നഷ്ടപരിഹാരം കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയില്ല. ഭേദഗതിക്ക് അനുകൂലമായി ൨൭൪ വോട്ടും പ്രതികൂലമായി ൬൨ വോട്ടും ലഭിച്ചു. ഭേദഗതി നിയമമാകാൻ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം. ഭേദഗതിയുടെ പകർപ്പുകൾ ഇന്നുതന്നെ രാഷ്ട്രപതിക്ക് സമർപ്പിക്കും.

ലോക്സഭയിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിയമമന്ത്രി ശ്രീ. കെ. രാമകൃഷ്ണൻ നായർ പറഞ്ഞു: "ഈ ഭേദഗതി ഭൂപരിഷ്കരണത്തിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുള്ള ഭരണകൂടത്തിന്റെ അധികാരം ഉറപ്പിക്കുന്നു. നഷ്ടപരിഹാരത്തിന്റെ തുക കോടതിക്ക് പുനഃപരിശോധിക്കാം, പക്ഷേ തുക നിശ്ചയിക്കുന്നതിന്റെ തത്ത്വം കോടതിക്ക് ചോദ്യം ചെയ്യാൻ കഴിയില്ല."

പ്രതിപക്ഷത്തിലെ ശ്രീ. ജോർജ് വർഗീസ് ഭേദഗതിയെ എതിർത്തു. "ഇത് ഭരണഘടനയുടെ അടിസ്സ്വരൂപത്തെ ബാധിക്കുന്നു. സ്വത്തവകാശം മൗലികാവകാശമാണ്. അതിനെ ഇത്രയധികം ചുരുക്കുന്നത് ശരിയല്ല" എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഭരണകക്ഷിയിലെ ഭൂരിപക്ഷം അംഗങ്ങളും ഭേദഗതിയെ പിന്തുണച്ചു.

രാജ്യസഭയിൽ ഭേദഗതി ചർച്ചയ്ക്കെടുത്തപ്പോൾ ൧൪ മണിക്കൂർ നീണ്ടുനിന്നു. ഒടുവിൽ വോട്ടെടുപ്പിൽ ഭേദഗതിക്ക് അനുകൂലമായി ൧൮൩ വോട്ടും പ്രതികൂലമായി ൪൧ വോട്ടും ലഭിച്ചു. ഭേദഗതി നിയമമാകാൻ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം. ഭേദഗതിയുടെ പകർപ്പുകൾ ഇന്നുതന്നെ രാഷ്ട്രപതിക്ക് സമർപ്പിക്കും.

ഭേദഗതി പ്രകാരം ഭൂപരിഷ്കരണത്തിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുള്ള ഭരണകൂടത്തിന്റെ അധികാരം ഉറപ്പിക്കുന്നു. നഷ്ടപരിഹാരത്തിന്റെ തുക കോടതിക്ക് പുനഃപരിശോധിക്കാം, പക്ഷേ തുക നിശ്ചയിക്കുന്നതിന്റെ തത്ത്വം കോടതിക്ക്